14
2025
ഒക്ടോബർ
ചൊവ്വ
കന്നി 28

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No. 259 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-259 | പേജ് 4. വില 2.00 രൂപ




02 ഒഴിഞ്ഞു പോകാത്ത ഓർമ്മകൾ

03 കരൂർ ദുരന്തം; സിബിഐ അന്വേഷണം പ്രഖ്യാപിച്ച് സുപ്രീംകോടതി

04 അട്ടക്കുളങ്ങര ജയിൽ മാറ്റി സ്ഥാപിക്കും, ആലപ്പുഴയിൽ പുതിയ സബ് ജയിൽ

# ചെറുമത്തി പിടിക്കരുത്

## മുന്നറിയിപ്പുമായി സിഎംഎഫ്ആർഐ

### സുസ്ഥിരത നിലനിൽത്താൻ എം എൽ എസ് നിയന്ത്രണം കർശനമായി പാലിക്കണം

കൊച്ചി: കേരള തീരത്ത് മത്തി കുഞ്ഞുങ്ങൾ ധാരാളമായി പ്രത്യക്ഷപ്പെടുന്ന സാഹചര്യത്തിൽ, പിടിക്കാവുന്ന നിയമപരമായ വലിപ്പമായ (എം എൽ എസ്) 10 സെ.മീ താഴെയുള്ള കുഞ്ഞുങ്ങളെ പിടിക്കുന്നത് കർശനമായി ഒഴിവാക്കണമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).അനുകൂലമായ മഴയിൽ കടലോപരിതലം കൂടുതൽ ഉൽപാദനക്ഷമമായതാണ് മത്തി വൻതോതിൽ കേരള തീരത്ത് ലഭ്യമാകാൻ കാരണമെന്ന് അടുത്തിടെ സിഎംഎംഎഫ്ആർഐ



പഠനം വ്യക്തമാക്കിയിരുന്നു. എണ്ണത്തിൽ വർധനവുണ്ടായതോടെ ഭക്ഷ്യലഭ്യതയിൽ ക്രമേണ കുറവുണ്ടാവുകയും അത് വളർച്ചയെ ബാധിച്ചതായും പഠനം കണ്ടെത്തിയിരുന്നു.

എന്നാൽ, മത്തിയുടെ വളർച്ചയുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐയുടെ പഠനം തെറ്റായി വിലയിരുത്തപ്പെടുന്നത് ശ്രദ്ധയിൽ പെട്ടതായും മത്തി ഇനി വളരില്ല എന്ന രീതിയിലുള്ള വ്യാഖ്യാനങ്ങൾ ഒട്ടും ശരിയല്ലെന്നും സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.ചെറുമത്സ്യബന്ധനം ഒരു തരത്തിലും പ്രോത്സാഹിപ്പിക്കരുത്. തീരക്കടലുകൾ ഇപ്പോഴും ഉയർന്ന ഉൽപ്പാദനക്ഷമമാണെന്നതിനാൽ ചെറുമത്തികൾ ധാരാളമായി കാണപ്പെടുന്നുണ്ട്. ഇതിനെ സുസ്ഥിരമായി പ്രയോജനപ്പെടുത്താൻ എം എൽ എസ് പ്രകാരമുള്ള നിയന്ത്രിത മത്സ്യബന്ധനമാണ് വേണ്ടത്. സുസ്ഥിരത ഉറപ്പാക്കാനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനം സംരക്ഷിക്കാനും ഇതാവശ്യമാണ്– സിഎംഎഫ്ആർഐ ഡയറക്ടർ പറഞ്ഞു. മത്തിയുടെ ലഭ്യതയും വളർച്ചയും പ്രധാനമായും പാരിസ്ഥിതിക മാറ്റങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ഇവയുടെ ലഭ്യതയിൽ തകർച്ച നേരിടാതിരിക്കാൻ സുസ്ഥിരമായ മത്സ്യബന്ധന രീതികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. മത്തിയുടെ പ്രജനനത്തിനും കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കും ഇത് നിർണായകമാണെന്നും സിഎംഎഫ്ആർഐ ഗവേഷകർ ചൂണ്ടിക്കാട്ടി. തീരെ ചെറിയ മത്തി പിടിക്കുന്നത് മത്തി ലഭ്യതയെ ദോഷകരമായി ബാധിക്കാൻ കാരണമാകുമെന്ന് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ യുഗംഗ പറഞ്ഞു.

## കാത്തിരിപ്പിനും കണ്ണീരിനും വിരാമം; ഇസ്രയേൽ ബന്ദികളെ മോചിപ്പിച്ച് ഹമാസ്

ഗാസ സിറ്റി: ഹമാസ് ബന്ദികളാക്കിയ ഇസ്രയേലികളുടെ ആദ്യ സംഘത്തെ മോചിപ്പിച്ചു. ആദ്യ ഘട്ടത്തിൽ ഏഴ് ബന്ദികളെ ഹമാസ് റെഡ് ക്രോസിന് കൈമാറി. ഇവരുടെ ആരോഗ്യസ്ഥിതി തൃപ്തികരമാണ്.

ഘട്ടംഘട്ടമായി 20 ഇസ്രേയേൽ ബന്ദികളെ ഹമാസ് ഇന്ന് മോചിപ്പിക്കും. ഇവരെ ഹെലികോപ്റ്റർ മാർഗം ഇസ്രയേലിൽ എത്തിക്കും. അതേസമയം, ജയിലിൽ കഴിയുന്ന 250 പലസ്തീൻ തടവുകാരെ ഇസ്രയേലും മോചിപ്പിക്കും.

## ഗാസ സമാധാന ഉച്ചകോടിയിലേക്ക് ക്ഷണിച്ചെങ്കിലും മോദി പങ്കെടുക്കില്ല

ന്യൂഡൽഹി: ഗാസ സമാധാന പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്ന് ഈജിപ്തിൽ നടക്കുന്ന ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ക്ഷണം. എന്നാൽ മോദി പങ്കെടുക്കില്ല. അവസാന നിമിഷമാണ് മോദിക്ക് ഉച്ചക്കോടിയിലേക്ക് ക്ഷണം ലഭിച്ചത്.

യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപും ഈജിപ്ത് പ്രസിഡൻറ് അബ്ദുൽ ഫത്താ അൽ സിസിയും ശനിയാഴ്ചയാണ് ഉച്ചകോടിയിലേക്കു മോദിയെ ക്ഷണിച്ചത്. മോദിക്ക് പകരം കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തിവർധൻ സിംഗ് ഇന്ത്യയെ പ്രതിനിധീകരിച്ച് ഉച്ചകോടിയിൽ പങ്കെടുക്കും.

ഇരുപതോളം രാഷ്ട്ര തലവന്മാർ ഉച്ചകോടിയിൽ പങ്കെടുക്കും. ഗാസയിൽ വെടിനിർത്തൽ പ്രഖ്യാപിക്കുകയും ഇസ്രയേൽ ഭാഗികമായി സൈന്യത്തെ പിൻവലിക്കുകയും ചെയ്തതിനു പിന്നാലെ നടക്കുന്ന ആദ്യത്തെ യോഗമാണിത്.

## വാൽപ്പാറയിൽ കാട്ടാന ആക്രമണം; രണ്ടുപേർ മരിച്ചു

തൃശൂർ: വാൽപ്പാറയിൽ കാട്ടാന ആക്രമണത്തിൽ രണ്ട് മരണം. തമിഴ്നാട് മേഖലയിലാണ് സംഭവം. മുത്തശിയും രണ്ടര വയസുകാരിയായ കുഞ്ഞിനുമാണ് ദാരുണാന്ത്യം സംഭവിച്ചത്. ഹസല (52), കൈക്കുഞ്ഞായ ഹേമശ്രീ എന്നിവരാണ് മരിച്ചത്. വാൽപ്പാറയ്ക്ക് സമീപം ഉമ്മാണ്ടി മുടുക്ക് എസ്റ്റേറ്റിൻറെ അഞ്ചാമത്തെ ഡിവിഷനിലായിരുന്നു പുലർച്ച രണ്ടരയോടെ ആക്രമണം.

വീടിന് സമീപം എത്തിയ കാട്ടാന ജനൽ തകർക്കാൻ ശ്രമിച്ചതോടെ ഇവർ രക്ഷപെടാൻ ശ്രമിച്ചു. ഇതിനിടെ മറ്റൊരു കാട്ടാന ഇവരെ ആക്രമിക്കുകയായിരുന്നു. കുഞ്ഞ് തൽക്ഷണം മരിച്ചു. ആശുപത്രിയിലേക്ക് കൊണ്ട് പോകും വഴിയായിരുന്നു മുത്തശ്ശിയുടെ മരണം. ഇരുവരുടെയും മൃതദേഹം വാൽപ്പാറയിലെ സർക്കാർ ആശുപത്രിയിലേക്ക് മാറ്റി. അഞ്ച് പേരായിരുന്നു വീട്ടിൽ ഉണ്ടായിരുന്നത്.

## അതിർത്തിയിൽ 200ലധികം താലിബാൻ സൈനികരെ വധിച്ചെന്ന് പാക്കിസ്ഥാൻ

ഇസ്‌ലാമാബാദ്: അഫ്ഗാൻ അതിർത്തിയിലുണ്ടായ ഏറ്റുമുട്ടലിൽ 200ലധികം താലിബാൻ സേനാംഗങ്ങളും ഭീകരരും കൊല്ലപ്പെട്ടെന്ന അവകാശവാദവുമായി പാക്കിസ്ഥാൻ.

ഏറ്റുമുട്ടലിൽ 23 പാക് സൈനികർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും പാക്കിസ്ഥാൻ പറഞ്ഞു. നേരത്തേ 58 പാക് സൈനികർ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടതായി അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭരണകൂടം അറിയിച്ചിരുന്നു. ഇതിനു പിന്നാലെയാണ് പാക് സൈന്യം കണക്കുകളുമായി രംഗത്തെത്തിയത്.

അഫ്ഗാനിസ്ഥാൻറെ 19 സൈനിക പോസ്റ്റുകളും ഭീകരരുടെ ഒളിത്താവളങ്ങളും പിടിച്ചെടുത്തതായാണ് പാക് സൈന്യം അവകാശപ്പെടുന്നത്. അഫ്ഗാനിസ്ഥാനിലെ താലിബാനും തെഹ്‌രീകെ താലിബാൻ പാക്കിസ്ഥാൻ(ടിടിപി) എന്ന പാക്കിസ്ഥാനി താലിബാനും യാതൊരു പ്രകോപനവുമില്ലാതെയാണ് അതിർത്തിയിൽ ആക്രമണം നടത്തിയതെന്നും പാക് സൈന്യം അറിയിച്ചു.

താലിബാൻ ആക്രമണത്തെ ശക്തമായി ചെറുത്തെന്നും താലിബാൻറെ വിവിധയിടങ്ങളിലെ കേന്ദ്രങ്ങൾ തകർത്തതായും പാക് സൈന്യം അവകാശപ്പെട്ടു.

'സ്വന്തം മണ്ണിലെ ഐഎസ് സാന്നിധ്യത്തിന് നേരേ പാക്കിസ്ഥാൻ കണ്ണടച്ചു. അഫ്ഗാനിസ്ഥാന് ഞങ്ങളുടെ കര, വ്യോമ അതിർത്തികൾ സംരക്ഷിക്കാനുള്ള അവകാശമുണ്ട്. അതിനാൽ ഒരു ആക്രമണത്തിനും മറുപടി നൽകാതിരിക്കില്ല. പാക്കിസ്ഥാൻ അവരുടെ രാജ്യത്ത് ഒളിച്ചിരിക്കുന്ന ഐഎസ് അംഗങ്ങളെ പുറത്താക്കുകയോ ഇസ്‌ലാമിക് എമിറേറ്റിന് കൈമാറുകയോ ചെയ്യണം.

## സംസ്ഥാനത്ത് 'ഹരിത പടക്കങ്ങൾ' മാത്രം: സമയപരിധിയും നിശബ്ദ മേഖലകളും നിശ്ചയിച്ചു

പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ആഘോഷ വേളകളിൽ 'ഗ്രീൻ ക്രാക്കറുകൾ' അഥവാ ഹരിത പടക്കങ്ങൾ മാത്രമേ വിൽക്കുവാനും ഉപയോഗിക്കുവാനും പാടുള്ളൂ. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങളും സുപ്രീം കോടതിയുടെയും ദേശീയ ഹരിത ട്രിബ്യൂണലിന്റെയും ഉത്തരവുകളും പരിഗണിച്ച് സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിയന്ത്രണം. ഇതിന്റെ ഭാഗമായി, ദീപാവലിക്ക് 'ഗ്രീൻ ക്രാക്കറുകൾ' ഉപയോഗിക്കുന്ന സമയം രാത്രി 8 മണിക്കും 10 മണിക്കും ഇടയിലുള്ള 2 മണിക്കൂറായി നിജപ്പെടുത്തിയിരിക്കുന്നു. കൂടാതെ, ആശുപത്രികൾ, കോടതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയ നിശബ്ദ മേഖലകളുടെ 100 മീറ്ററിനുള്ളിൽ ശബ്ദമുണ്ടാക്കുന്ന പടക്കങ്ങൾ പൊട്ടിക്കുവാൻ പാടില്ലെന്നും ഉത്തരവിൽ കർശനമായി നിർദ്ദേശിക്കുന്നു.

## ശബരിമല സ്വർണക്കൊള്ള; ദേവസ്വം ഗോൾഡ് സ്മിത്തിനെ സസ്പെൻഡ് ചെയ്തേക്കും


പത്തനംതിട്ട: ശബരിമല സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് ദേവസ്വം ഗോൾഡ് സ്മിത്തിനെ സസ്പെൻഡ് ചെയ്തേക്കും. ക്ഷേത്രത്തിലെ ദ്വാരപാലകശിൽപം തിരികെ കൊണ്ടുവന്നപ്പോൾ ഗോൾഡ് സ്മിത്ത് പരിശോധനയ്ക്കെത്താത്തത് ഗുരുതര വീഴ്ചയെന്ന വിലയിരുത്തലിൻറെ അടിസ്ഥാനത്തിലാണ് നടപടി. ഗോൾഡ് സ്മിത്തിൻറെ ഭാഗത്തുനിന്ന് ഉണ്ടായത് ഒരു സ്വാഭാവിക പിഴവായിട്ടല്ല ദേവസ്വം വിജിലൻസിൻറെ റിപ്പോർട്ടിലുള്ളത്. സ്വർണപ്പാളികൾ തിരികെയെത്തിച്ചപ്പോൾ തയാറാക്കിയ മഹസറിലും ഗോൾഡ് സ്മിത്തും മറ്റൊരു ഉദ്യോഗസ്ഥനും ഒപ്പുവച്ചിരുന്നില്ല. തട്ടിപ്പിൽ പങ്കുള്ളതിനാൽ ഇവരെ മാറ്റിനിർത്തിയിരിക്കാം എന്നാണ് ദേവസ്വം വിജിലൻസിൻറെ പ്രാഥമിക നിഗമനം. ഇതിൻറെ അടിസ്ഥാനത്തിൽ ദേവസ്വം വിജിലൻസ് സസ്പെൻഷന് ശിപാർശ ചെയ്യുകയായിരുന്നു. ചൊവ്വാഴ്ച ദേവസ്വം ബോർഡ് യോഗം ചേരുമ്പോൾ ഇത് സംബന്ധിച്ച തീരുമാനം എടുത്തേക്കുമെന്നാണ് വിവരം.

## ഷാഫിക്ക് മർദനമേറ്റ സംഭവം; ഡിജിപിക്ക് പരാതി നൽകി കോൺഗ്രസ്

കോഴിക്കോട്: ഷാഫി പറമ്പിൽ എംപിയെ മർദിച്ച പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവിക്ക് പരാതി.കോൺഗ്രസ് കോഴിക്കോട് ജില്ലാ കമ്മിറ്റിയാണ് പരാതി നൽകിയത്. പേരാമ്പ്ര ഡിവൈഎസ്പി സുനിൽ, വടകര ഡിവൈഎസ്പി ഹരിപ്രസാദ്, ഷാഫിയെ മർദിച്ച പോലീസുകാരൻ എന്നിവരുടെ പേരിൽ നടപടി വേണമെന്നാണ് പരാതിയിൽ ആവശ്യപ്പെട്ടിട്ടുള്ളതെന്ന് പ്രവീൺകുമാർ അറിയിച്ചു. എൽഡിഎഫ് കൺവീനറുടെ സന്തതസഹചാരിയായ ആറോളം പോലീസുകാരുണ്ട്. ഇവരിലൊരാളാണ് എംപിയെ ആക്രമിച്ചതെന്ന് ഡിസിസി പ്രസിഡൻറ് പറഞ്ഞു. ഒരാഴ്ചയ്ക്കുള്ളിൽ നടപടിയുണ്ടായില്ലെങ്കിൽ കോഴിക്കോട് റൂറൽ എസ്പി കെ. ഇ. ബൈജുവിൻറെ വീടിനു മുന്നിൽ കോൺഗ്രസ് ഉപരോധമിരിക്കുമെന്നും ഡിസിസി പ്രസിഡൻറ് കെ. പ്രവീൺ കുമാർ പറഞ്ഞു. അതേസമയം, പോലീസ് മർദനത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഷാഫി പറമ്പിൽ എംപി രണ്ടുദിവസത്തിനകം ആശുപത്രി വിടാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ആശുപത്രി അധികൃതർ സൂചിപ്പിച്ചു. കോഴിക്കോട് സ്വകാര്യാശുപത്രിയിലാണ് ഷാഫി ചികിത്സയിലുള്ളത്. മൂക്കിന് പരിക്കേറ്റ ഷാഫിയെ ശസ്ത്രക്രിയക്ക് വിധേയനാക്കിയിരുന്നു.

## യുവതി കിണറ്റിൽ ചാടി, രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ അപകടം; സുഹൃത്തും ഫയർഫോഴ്സ് ഉദ്യോഗസ്ഥനുമടക്കം 3 മരണം

കൊല്ലം : കിണറ്റിൽ ചാടിയ യുവതിയെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ കൽക്കെട്ട് ഇടിഞ്ഞു വീണ് യുവതിയും ഫയർ ഫോഴ്സ് ഉദ്യോഗസ്ഥനുമടക്കം മൂന്നുപേർ മരിച്ചു. യുവതി കിണറ്റിൽ വീണ വിവരമറിഞ്ഞ് രക്ഷാപ്രവർത്തനത്തിന് എത്തിയ കൊട്ടാരക്കര ഫയർഫോഴ്സ് യൂണിറ്റ് ഉദ്യോഗസ്ഥൻ ആറ്റിങ്ങൽ ഇളമ്പ മമതയിൽ സോണി എസ്.കുമാർ (36), നെടുവത്തൂർ പഞ്ചായത്ത് ആനക്കോട്ടൂർ പടിഞ്ഞാറ് മുണ്ടുപാറയ്ക്കൽ വിഷ്ണു വിലാസത്തിൽ അർച്ചന (33), അർച്ചനയ്ക്ക് ഒപ്പം താമസിച്ചിരുന്ന കൊടുങ്ങല്ലൂർ സ്വദേശി ശിവകൃഷ്ണൻ (24) എന്നിവരാണ് മരിച്ചത്. കിണറിന്റെ കൽക്കെട്ട് ഇടിഞ്ഞാണ് അപകടം. ഹോം നഴ്സായി ജോലി ചെയ്തുവരുന്ന അർച്ചനയ്ക്കൊപ്പം രണ്ടു മാസം മുൻപാണ് ശിവകൃഷ്ണൻ താമസം തുടങ്ങിയത്. ഇന്നലെ രാത്രി ശിവകൃഷ്ണൻ മദ്യപിച്ച് വീട്ടിൽ പ്രശ്നമുണ്ടാക്കിയിരുന്നു. വീട്ടിൽ ബാക്കിയിരുന്ന മദ്യം അർച്ചന ഒളിപ്പിച്ചുവച്ചു. ഇത് ചോദ്യം ചെയ്ത ശിവകൃഷ്ണൻ അർച്ചനയെ മർദിച്ചു. ഇതോടെ രാത്രി പന്ത്രണ്ടരയോടെ അർച്ചന വീട്ടുമുറ്റത്തെ കിണറ്റിൽ ചാടുകയായിരുന്നു. കൊട്ടാരക്കരയിൽ നിന്നും ഫയർഫോഴ്സ് എത്തിയാണ് രക്ഷാപ്രവർത്തനം ആരംഭിച്ചത്. സോണി എസ്. കുമാർ അർച്ചനയെ രക്ഷിച്ച് മുക്കാൽ ഭാഗത്തോളം മുകളിലേക്ക് വന്നിരുന്നു. ഈ സമയത്ത് കിണറിന്റെ കൽക്കെട്ട് ഇടിഞ്ഞ് ഇരുവരും ഉള്ളിലേക്ക് വീഴുകയായിരുന്നു. കിണറിന്റെ കൽക്കെട്ടിൽ ചാരിനിന്ന് രക്ഷാപ്രവർത്തനത്തിനായി ടോർച്ച് തെളിച്ചു കൊടുക്കുകയായിരുന്ന ശിവകൃഷ്ണനും കിണറ്റിൽ വീണു. സോണിയെ അപ്പോൾ തന്നെ പുറത്ത് എത്തിച്ചെങ്കിലും മരിച്ചു. രണ്ട് മണിക്കൂറോളം കഴിഞ്ഞാണ് അർച്ചനയുടെയും ശിവകൃഷ്ണന്റെയും മൃതദേഹം പുറത്തെടുക്കാനായത്. മൂന്നുപേരുടെയും മൃതദേഹം കൊട്ടാരക്കര താലൂക്ക് ആശുപത്രി മോർച്ചറിയിലാണ്. മൂന്ന് കുട്ടികളുടെ അമ്മയാണ് മരിച്ച അർച്ചന.



മരിച്ച അർച്ചന, സുഹൃത്ത് ശിവകൃഷ്ണൻ, ഫയർ ഫോഴ്സ് ഉദ്യോഗസ്ഥൻ



# ഒഴിഞ്ഞു പോകാത്ത ഓർമ്മകൾ

ഓരോ വേർപാടുകളും ഓർമ്മകളുടെ ഒഴിഞ്ഞുപോക്കുകളാണോ. . അല്ലന്നും പറയാം. . ബാല്യകാലസൗഹൃദങ്ങൾ നൽകുന്ന ഓർമ്മകൾ നമ്മളെ അവസാനം വരെ പിൻതുടർന്നുകൊണ്ടേയിരിക്കും. അതായിരിക്കും. പക്ഷേ, പിൽക്കാല ജീവിതത്തിന്റെ ഒരു സീനിൽപോലും വന്നിട്ടില്ലാത്ത സുഹൃത്തിന്റെ വിയോഗമാണ് രാവിലെ ചിന്തകളെ ഉണർത്തിയത്.

ബാല്യകാലത്തെ പ്രൈമറിസ്കൂളിലെ ഓർമ്മകളിൽ ആ സുഹൃത്തിന്റെ പേരും മുഖവും മായാതെ കിടക്കുന്നു. ഡോമിനിക്ക്. പ്രയാത്തിൽ മുതിർന്നതായിരിക്കും എന്നുകരുതി ചിന്തകളെ തട്ടിമാറ്റിയെങ്കിലും നിശബ്ദനായി ഉറങ്ങുന്ന ചങ്ങാതിയ കണ്ടിറങ്ങുമ്പോൾ അവിടെ പറഞ്ഞു കേട്ടു വയസ്സ് അറുപത്തിരണ്ട്. എടാ നീയും ഞാനും ഇവനുംകൂടെ എന്തൊക്കെ ചട്ടമ്പിത്തരമായിരുന്നു. നാലാം ക്ലാസുവരെ. . പറഞ്ഞതു മറ്റൊരു മറക്കാത്തപേരുകാരൻ ഹാരോൾഡ്. നാലും കഴിഞ്ഞ് പിന്നിവരെ കണ്ടിട്ടില്ല ഓർമ്മകളുടെ അറകളിൽ പിന്നെയും ചില പേരുകൾ ഇങ്ങെനെ കിടക്കുന്നു. . കുഞ്ഞലി, മണികണ്ഠൻ. .

തൂവൽ കൊഴിയുന്നതുപോലെപോലും മനസ്സിൽ പതിയാതെയെന്നു കരുതിയെങ്കിലും മനസ്സു പിന്നെയും പിന്നെയും പ്രൈമറികാലത്തെ ഓർത്തെടുക്കാൻ ശ്രമിച്ചു. സെബാസ്റ്റിയൻസാറിന്റെ തുമ്മലിന്റെ അലർച്ചയും, ഹെൻട്രിസാറിന്റെ സരസമായ ഭാവവും, രാധമ്മ ടീച്ചറിന്റെ നോട്ടവും, ജോസഫ് കുട്ടി സാറിന്റെ പുഞ്ചിരിയുമൊക്കെ ഓർത്തെടുത്തു. എന്നാലും ഹരോൾഡ് പറഞ്ഞ ചട്ടമ്പിത്തരമൊന്നും മനസ്സിലോർക്കാൻ പറ്റുന്നില്ല. പക്ഷേ ഹാരോൾഡ്, ഡോമിനിക്ക് എന്ന പേരുകൾ അങ്ങിനെ തന്നെ മനസ്സിൽ പതിഞ്ഞു കിടന്നു. അതു വെറുതെയായിരിക്കില്ല. ഒരു സംഭവം ഓർമ്മയുണ്ട്. ഒന്നാംക്ലാസ്സിൽ നിശബ്ദമായ ക്ലാസ്സിൽ ഉറക്കെ കൂവി. . സെബാസ്റ്റിയൻസാർ അടുത്തു വന്നു. വെളുത്ത മുഖം ചുളിവുകളിൽ തുടുത്തു വിറച്ചു. 'എന്താ കൂവിയത്'. . പൊടുന്നനെ ഉത്തരം വന്നു. 'കൂവാൻ മുട്ടിയപ്പോൾ കൂവി. ' സെബാസ്റ്റിയൻ സാർ പെട്ടന്നു ചിരിച്ചുപോയി. ഡ്രാക്കുളയുടെ ചിരിപോലെ. . സിറ്റ്വേഷൻ അയഞ്ഞു. . അതൊരു മറക്കാത്ത ഓർമ്മയായി. . . അപ്പോൾ ഹാരോൾഡ് പറഞ്ഞതിൽ എന്തെങ്കിലും കാര്യം ഉണ്ടാവും. അവനോടു ചോദിച്ചറിയണം.

നാലു കഴിഞ്ഞു ശക്തികുളങ്ങര സെന്റ് ലിയോൺസ് എൽപി സ്കൂളിൽ നിന്നും കൊല്ലത്തെ സെന്റ് അലോഷ്യസ് ബോയ്സ് സ്കൂളിലേക്കു മാറി. പിന്നെ അതൊരു യൂ ടേൺ ആയിരുന്നു. ശക്തികുളങ്ങരയിലെ മൽസ്യമേഖലയിലായിരുന്നു ഡോമിനിക്കുൾപ്പടെ അന്നത്തെ പല സുഹൃത്തുക്കളും പ്രവർത്തിച്ചത്. . ഒരിക്കലും പിടിതരാത്ത മൽസ്യത്തെപ്പോലെയാണെങ്കിലും എനിക്കും ചിരപരിചിതമാണ് ശക്തികുളങ്ങരയിലെ മൽസ്യബന്ധനമേഖല. കരിക്കാടി സീസന്റെ നട്ടുച്ച നേരങ്ങളിലും, ചരക്കു നിറച്ചുപോകൻ തത്രപ്പെടുന്ന മീൻ വണ്ടികൾക്കടുത്തും പലപ്പോഴും കാണുന്നുണ്ടായിരുന്നു. തിരക്കിനിടയിലും ഒരുനോട്ടത്തിൽ കണ്ടു പോകാറുള്ളവർ മാത്രം.

# മുഖ്യമന്ത്രിയുടെ ഗൾഫ് പര്യടനം ചൊവ്വാഴ്ച ആരംഭിക്കും; സൗദി സന്ദർശനത്തിന് അനുമതിയില്ല

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻറെ സൗദി സന്ദർശനത്തിന് കേന്ദ്ര വിദേശകാര്യമന്ത്രാലയം അനുമതി നൽകിയില്ല. അതേസമയം, മറ്റു ഗൾഫ് രാജ്യങ്ങൾ സന്ദർശിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിക്ക് പുറമെ, മന്ത്രി സജി ചെറിയാൻ, പേഴ്സണൽ അസിസ്റ്റൻറ് വി. എം. സുനീഷ് എന്നിവർക്കാണ് അനുമതി നൽകിയിട്ടുള്ളത്.

ഒക്ടോബർ 15 മുതൽ നവംബർ ഒൻപത് വരെയാണ് മുഖ്യമന്ത്രിയുടെ വിദേശ പര്യടനം. ബഹ്റിനിൽ നിന്നാണ് മുഖ്യമന്ത്രിയുടെ പര്യടനം ആരംഭിക്കുക.

16ന് ബഹറിൻ കേരളീയ സമാജത്തിലാണ് പൊതുപരിപാടി നിശ്ചയിച്ചിരുന്നത്. പ്രവാസികൾക്കായി ഇടതുസർക്കാർ ചെയ്ത കാര്യങ്ങളും പുതിയ പദ്ധതികളും വിശദീകരിക്കുക, നോർക്ക, മലയാളം മിഷൻ പരിപാടികളിൽ പങ്കെടുക്കുക എന്നിവയാണ് സന്ദർശന ലക്ഷ്യം.

നാളെ വൈകിട്ടാണ് ഗൾഫ് സന്ദർശനത്തിനായി മുഖ്യമന്ത്രി യാത്ര തിരിക്കുന്നത്. ബഹ്റിനിലെത്തുന്ന മുഖ്യമന്ത്രി അവിടെ നിന്നും സൗദിയിലേക്ക് റോഡു മാർഗം പോകാനാണ് പദ്ധതിയിട്ടിരുന്നത്.

എന്നാൽ യാത്രയ്ക്ക് അനുമതി ലഭിക്കാത്തതിനാൽ 16 ന് മുഖ്യമന്ത്രി കൊച്ചിയിൽ തിരിച്ചെത്തും. 22ന് മസ്കറ്റിലെത്തുന്ന മുഖ്യമന്ത്രി 24 ന് പൊതുപരിപാടിയിൽ പങ്കെടുക്കും. 25ന് സലാലയിലെ പരിപാടിയിലും പങ്കെടുക്കും. അതിന് ശേഷം 26ന് കൊച്ചിയിലെത്തി 28ന് രാത്രി ഖത്തറിലേക്ക് പോകാനാണ് തീരുമാനം. 30 ന് ഖത്തറിലെ പരിപാടിക്ക് ശേഷം തിരുവനന്തപുരത്ത് മടങ്ങിയെത്തും. തുടർന്ന് നവംബർ അഞ്ചിന് കുവൈറ്റിലേക്ക് പോകും. കുവൈറ്റിലെ പരിപാടിക്ക് ശേഷം മുഖ്യമന്ത്രി അബുദാബിയിലെത്തും.

അബുദാബിയിലും മുഖ്യമന്ത്രി വിവിധ പരിപാടികളിൽ സംബന്ധിക്കും. അഞ്ചു ദിവസം മുഖ്യമന്ത്രി അബുദാബിയിൽ ഉണ്ടാകും. മകൻ വിവേക് കിരൺ അബുദാബിയിലാണ് ജോലി ചെയ്യുന്നത്.

## ചിത്രരചനകൾ ക്ഷണിച്ചു

കേരളസംസ്ഥാന ശിശുക്ഷേമ സമിതി കേരളസർക്കാരിന്റെ അനുമതിയോടെ നവംബർ 14 ശിശുദിനം-2025-ന് പുറത്തിറക്കുന്ന ശിശുദിനസ്റ്റാമ്പിന്റെ ചിത്രരചന ക്ഷണിച്ചു. 'സനാഥ ബാല്യം-സംരക്ഷിത ബാല്യം' എന്ന ആശയത്തെ ആസ്പദമാക്കി നാലു മുതൽ പ്ലസ്ടു തലംവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചിത്രരചന മത്സരത്തിൽ പങ്കെടുക്കാം. ചിത്രങ്ങൾക്ക് ജലഛായം, പോസ്റ്റർകളർ, ക്രയോൺസ്, ഓയിൽ പെയിന്റ് ഇവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാവുന്നതാണ്. 15:12 സെന്റീമീറ്റർ അനുപാതത്തിലായിരിക്കണം ചിത്രരചന നടത്തേണ്ടത്. സ്റ്റാമ്പിന്റെ വലിപ്പമായ 5:4 സെന്റീമീറ്ററിലേക്ക് ചിത്രം ചെറുതാക്കേണ്ടതിനാൽ വിശദാംശങ്ങൾ വ്യക്തമാകുന്ന തരത്തിൽ പശ്ചാത്തലവും നിറങ്ങളും രചനാ സാമഗ്രികളും കൊണ്ട് ചിത്രരചന നിർവ്വഹിക്കേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെടുന്ന ചിത്രം വരയ്ക്കുന്ന വിദ്യാർത്ഥിക്ക് പ്രശസ്തി ഫലകവും ക്യാഷ് അവാർഡും പഠിക്കുന്ന വിദ്യാലയത്തിന് റോളിംഗ് ട്രോഫിയും നൽകി നവംബർ 14-ന് ശിശുദിനസ്റ്റാമ്പ് പ്രകാശന ചടങ്ങിൽ ആദരിക്കും.

ചിത്രരചനകൾ ജനറൽ സെക്രട്ടറി, കേരളസംസ്ഥാന ശിശുക്ഷേമസമിതി, തൈക്കാട്, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ തപാൽമാർഗ്ഗമോ നേരിട്ടോ 2025 ഒക്ടോബർ 31 വരെ എത്തിക്കാവുന്നതാണ്.

## വ്യക്തിവൈരാഗ്യം; സ്വകാര്യ ബസ് ജീവനക്കാരന് കുത്തേറ്റു

പാലക്കാട്: പാലക്കാട്ട് സ്വകാര്യ ബസ് ജീവനക്കാരന് കുത്തേറ്റു. മണ്ണാർക്കാട് റൂട്ടിൽ സർവീസ് നടത്തുന്ന റസാരിയോ ബസിലെ ജീവനക്കാരൻ സന്തോഷിനാണ് കുത്തേറ്റത്. ഞായറാഴ്ച വൈകിട്ട് പാലക്കാട് സ്റ്റേഡിയം ബസ് സ്റ്റാൻഡിലായിരുന്നു സംഭവം. സന്തോഷ് ജോലി ചെയ്യുന്ന ബസിൽ മുന്‍പ് ജോലി ചെയ്തിരുന്ന ഷാനിഫാണ് കുത്തിയതെന്നാണ് വിവരം. ഇരുവരും തമ്മിൽ വ്യക്തിവൈരാഗ്യമുണ്ടായിരുന്നു. ബസ് സ്റ്റാൻഡിന് സമീപത്തെ പെട്രോൾ പമ്പിൽ ബസ് കയറ്റിയിടാൻ എത്തിയസമയത്ത് ഇരുവരും തമ്മിൽ വാക്കേറ്റമുണ്ടായി. തുടർന്ന് സന്തോഷിനെ ചവിട്ടി വീഴ്ത്തിയ ശേഷം കുത്തുകയായിരുന്നു. സന്തോഷിൻറെ കഴുത്തിനും വയറിനും സാരമായി പരിക്കേറ്റിട്ടുണ്ട്. ഗുരുതരമായി പരിക്കേറ്റ സന്തോഷിനെ ജില്ലാ ആശുപത്രിയിലെ പ്രാഥമിക ചികിത്സയ്ക്കു ശേഷം പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. ഷാനിഫിനും നേരിയ പരിക്കേറ്റിട്ടുണ്ട്. പോലീസ് കസ്റ്റഡിയിലുള്ള ഷാനിഫ് ഇപ്പോൾ പാലക്കാട് ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്.

# 'കേരളത്തിന്റെ ആരോഗ്യ മേഖല വിഷൻ 2031' നയരേഖ മന്ത്രി വീണാ ജോർജ് അവതരിപ്പിക്കും

## വിഷൻ 2031- ആരോഗ്യ സെമിനാർ ചൊവ്വാഴ്ച തിരുവല്ലയിൽ

'കേരളത്തിന്റെ ആരോഗ്യ മേഖല വിഷൻ 2031' നയരേഖ ഒക്ടോബർ 14-ന് പത്തനംതിട്ട തിരുവല്ല ബിലിവേഴ്സ് കൺവെൻഷൻ സെന്ററിൽ വച്ച് നടക്കുന്ന ആരോഗ്യ സെമിനാറിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അവതരിപ്പിക്കും. കേരളത്തിന്റെ ആരോഗ്യ രംഗം ആരോഗ്യ സൂചകങ്ങളിലും പൊതുജനാരോഗ്യ നിലവാരത്തിലും ലോകത്തിലെ വികസിത രാജ്യങ്ങളുടെ നിലവാരത്തിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. ആരോഗ്യ മേഖലയിൽ 2016 മുതൽ നടപ്പിലാക്കി വരുന്ന സുപ്രധാന പദ്ധതികളും, കൈവരിച്ച നേട്ടങ്ങളും വിശകലനം ചെയ്യുകയും നിലവിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ അപഗ്രഥിച്ച് അവയെ നേരിടുന്നതിനായുള്ള പദ്ധതികളും, ഭാവി വികസനത്തിനായുള്ള മാർഗരേഖകൾ ആവിഷ്കരിക്കുകയും ചെയ്യും.

'ആരോഗ്യ രംഗത്തെ കഴിഞ്ഞ ദശകത്തിലെ നേട്ടങ്ങൾ' ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ അവതരിപ്പിക്കും. ആരോഗ്യ രംഗത്തെ വിവിധ വിഷയങ്ങളിൽ അധിഷ്ഠിതമായ 10 പാനൽ ചർച്ചകളാണ് 4 വേദികളിലായി സംഘടിപ്പിച്ചിട്ടുള്ളതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. അതാത് രംഗത്തെ വിദഗ്ധർ മോഡറേറ്ററുകളായും പാനലിസ്റ്റുകളായും പങ്കെടുക്കും. കാൻസർ, വയോജന പരിപാലനം, പാലിയേറ്റീവ് കെയർ തുടങ്ങിയ സെഷനിൽ മലബാർ ക്യാൻസർ സെന്റർ ഡയറക്ടർ ഡോ. ബി സതീശനും ഹൃദ്രോഗങ്ങൾ, സ്ട്രോക്ക്, പ്രമേഹം, രക്താതിമർദം, കുട്ടികളിലെ ജീവിതശൈലീ രോഗങ്ങൾ, സിഒപിഡി വിഷയങ്ങളിൽ അമൃത ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റ് ഡോ, ജയ്ദീപ് സി മേനോനും മോഡറേറ്ററാകും.

മെഡിക്കൽ ഗവേഷണം, ടെറിഷ്യറി കെയർ ശാക്തീകരണം എന്നീ വിഷയങ്ങളിൽ ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയൻസ് റിസർച്ചിലെ പ്രൊഫ. ചന്ദ്രഭാസ് നാരായണ, പൊതുജനാരോഗ്യത്തിന്റെ സാമ്പത്തിക ശാസ്ത്രത്തിൽ പ്ലാനിംഗ് ബോർഡ് വിദഗ്ധ അംഗം ഡോ. പി.കെ. ജമീല, ആയുഷ് മേഖലയുമായി ബന്ധപ്പെട്ട വിഷയത്തിൽ ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയിലെ ഡോ. വി.ജി. ഉദയകുമാർ, ഹോമിയോപ്പതി പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ ഡോ. ടി.കെ. വിജയൻ, സാംക്രമിക രോഗങ്ങൾ, ഏകാരോഗ്യ പദ്ധതി എന്നിവയിൽ ഐഎവി ഡയറക്ടർ ഡോ. ഇ. ശ്രീകുമാർ എന്നിവർ മോഡറേറ്ററാകും.

എമർജൻസി ആന്റ് ട്രോമകെയർ, ദുരന്ത നിവാരണം എന്നീ വിഷയങ്ങളിൽ ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ഷീബ ജോർജ്, സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യം, തീരദേശ മേഖലയിലേയും ഗോത്ര വിഭാഗങ്ങളുടേയും ആരോഗ്യം എന്നീ വിഷയങ്ങളിൽ കാസർഗോഡ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ഇന്ദു പി.എസ്., മരുന്ന് ഗവേഷണം, ഉത്പാദനം, ചികിത്സയുടെ ഭാവി എന്നീ വിഷയങ്ങളിൽ അസി. ഡ്രഗ്സ് കൺട്രോളർ ഡോ. ഷാജി എം വർഗീസ്, ഭക്ഷ്യ സുരക്ഷയിൽ ഡബ്ല്യുഎച്ച്ഒ കൺസൾട്ടന്റ് ഡോ. എൻ. ആനന്ദവല്ലി എന്നിവർ മോഡറേറ്ററാകും. ലോകബാങ്ക് ലീഡ് എക്കണോമിസ്റ്റ് ഡോ. അജയ് ടണ്ടൻ, ആരോഗ്യ വിദഗ്ധ ഡോ. ദേവകി നമ്പ്യാർ എന്നിവർ പങ്കെടുക്കും.വൈകുന്നേരം 3.30 മുതൽ ചർച്ചയുടെ ആശയ ക്രോഡീകരണം മന്ത്രി വീണാ ജോർജ് അവതരിപ്പിക്കും. സെമിനാറിൽ ഉരുത്തിരിയുന്ന ആശയങ്ങൾ ആരോഗ്യ മേഖലയിലെ ഭാവി പദ്ധതികളുടെ ആസൂത്രണത്തിന് സഹായിക്കും.

# യുവ കുടുംബശ്രീ പ്രവർത്തകരുമായി മുഖാമുഖം; മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യും

സ്ത്രീശാക്തീകരണത്തിലൂടെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുക എന്ന ലക്ഷ്യവുമായി കേരള വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന മുഖാമുഖം പരിപാടികൾക്ക് തുടക്കമായി. ആദ്യദിനം കമ്മീഷനുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സന്നദ്ധ സംഘടനാ പ്രതിനിധികൾ, വുമൺ ഫെസിലിറ്റേറ്റർമാർ എന്നിവരെ ഉൾപ്പെടുത്തിയാണ് പരിപാടി സംഘടിപ്പിച്ചത്. ജില്ലാപഞ്ചായത്ത് ഹാളിൽ കമ്മീഷൻ അധ്യക്ഷ അഡ്വ. പി സതീദേവി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത്തലത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതാസമിതികൾ കൂടുതൽ ശക്തിപ്പെടേണ്ടത് നാടിൻറെ ആവശ്യമാണെന്ന് അധ്യക്ഷ പറഞ്ഞു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ തടയാൻ വുമൺ ഫെസിലിറ്റേറ്റർമാർ നൽകുന്ന സംഭാവന വലുതാണ്. ഇവർക്ക് അർഹമായ പരിഗണന സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നിന്ന് ലഭിക്കണം. ഇവർക്ക് പ്രവർത്തനഘടന നിശ്ചയിച്ചു നൽകേണ്ടത് അത്യാവശ്യമാണെന്നും അധ്യക്ഷ പറഞ്ഞു.

പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു. സർക്കാർ പ്ലീനറും പബ്ലിക് പ്രോസിക്യൂട്ടറുമായ ഡോ. ടി ഗീനാകുമാരി വിഷയാവതരണം നടത്തി. കമ്മീഷൻ മെമ്പർ സെക്രട്ടറി വൈ ബി ബീന സ്വാഗതം ആശംസിച്ചു. കമ്മീഷൻ ഡയറക്ടർ ഷാജി സുഗുണൻ, ജില്ലാ വനിതാ ശിശു വികസന ഓഫീസർ തസ്നീം പി എസ്, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ ഡോ. സുനിത എം വി, കമീഷൻ റിസർച്ച് ഓഫീസർ അർച്ചന എ ആർ എന്നിവർ സംസാരിച്ചു.

കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ഗുണഫലം യുവതികളിലേക്ക് എത്തിക്കുകന്നതിനായി രൂപീകരിച്ചിട്ടുള്ള ഓക്സിലറി ഗ്രൂപ്പ് പ്രവർത്തങ്ങളുടെ പുതുസാധ്യതകൾ സംബന്ധിച്ചും കൂടുതൽ തൊഴിൽ മേഖലകളിലേക്കുള്ള സ്ത്രീകളുടെ പ്രവേശനവും ചർച്ച ചെയ്യുന്നതിനായി :നൂതന കുടുംബശ്രീ സംരംഭങ്ങൾ- സാധ്യത, അവലോകനം' എന്ന വിഷത്തിൽ മുഖാമുഖം പരിപാടി ഇന്ന് (ചൊവ്വ ,14 )നടക്കും. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് രാവിലെ 10.30 ന് ഉദ്ഘാടനം ചെയ്യും.

# നവി മുംബൈയിൽ"നോർക്കാ കെയർ കരുതൽ സംഗമം – സ്നേഹകവചം" സംഘടിപ്പിച്ചു

## 50 കുടുംബങ്ങൾക്ക് നോർക്ക കെയർ പരിരക്ഷയൊരുക്കി കെയർ ഫോർ മുംബൈ

നോർക്ക കെയർ ആരോഗ്യ അപകട ഇൻഷുറൻസ് പദ്ധതിയുടെ പ്രചരണാർത്ഥം മഹാരാഷ്ട്രയിലെ നവി മുംബൈയിൽ നോർക്കാ കെയർ കരുതൽ സംഗമം - സ്നേഹകവചം" സംഘടിപ്പിച്ചു.

മഹാരാഷ്ട്രയിലെ പ്രവാസി സംഘടനകളും മലയാളി കൂട്ടായ്മകളും കൈകോർത്ത "സ്നേഹകവചം" സംഗമം നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുബൈയിലെ 50 മലയാളി കുടുംബങ്ങൾക്ക് നോർക്ക കെയർ പദ്ധതിയിൽ ചേരുന്നതിനുള്ള സാമ്പത്തിക സഹായമായി 6,70,550 രൂപയുടെ ചെക്ക് പ്രിയ വർഗ്ഗീസ്, എം.കെ നവാസ് എന്നിവരുടെ നേതൃത്വത്തിലുള്ള "കെയർ ഫോർ മുംബൈ" സന്നദ്ധ സംഘടന പ്രതിനിധികൾ നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരിക്ക് കൈമാറി.

അഞ്ച് കുടുംബങ്ങൾക്ക് ഉള്ള നോർക്ക കെയർ കാർഡുകളും ചടങ്ങിൽ പി. ശ്രീരാമകൃഷ്ണൻ വിതരണം ചെയ്തു. നവി മുംബൈ റമാഡ ഹോട്ടലിൽ നടന്ന സ്നേഹകവചം സംഗമത്തിൽ നോർക്ക കെയർ പദ്ധതിയിൽ അംഗമാകുന്നതിനുള ഗ്രൂപ്പ് രജിസ്ട്രേഷൻ നടപടികൾ നോർക്ക റൂട്ട്സ് ഹോം ഓതന്റിഫിക്കേഷൻ ഓഫീസർ ഷെമീംഖാൻ എസ്. എച്ച് വിശദീകരിച്ചു. ലോക കേരള സഭ അംഗങ്ങൾ, 60 മലയാളി സംഘടനകളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു. മുംബൈ എൻ ആർ.കെ ഡെവലപ്പ്മെൻറ് ഓഫീസർ റഫീഖ് എസ് ചടങ്ങിൽ സ്വാഗതം പറഞ്ഞു. ഒരു കുടുംബത്തിന് (ഭർത്താവ്, ഭാര്യ, 25 വയസ്സിൽ താഴെയുള്ള രണ്ടു കുട്ടികൾ) 13,411 രൂപ പ്രീമിയത്തിൽ അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസും 10 ലക്ഷം രൂപയുടെ ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്നതാണ് നോർക്ക കെയർ പദ്ധതി. നവംബർ ഒന്നു മുതൽ നോർക്ക കെയർ പരിരക്ഷ പ്രവാസികേരളീയർക്ക് ലഭ്യമാകും. സാധുവായ നോർക്ക പ്രവാസി ഐ.ഡി, സ്റ്റുഡന്റ് ഐ.ഡി. എൻ.ആർ.കെ ഐ.ഡി കാർഡുള്ള പ്രവാസികൾക്ക് ഒക്ടോബർ 22 വരെ നോർക്ക കെയറിൽ അംഗമാകാം.

# പൊതുവിദ്യാഭ്യാസമേഖല രാജ്യത്തിന് മാതൃക: മുഖ്യമന്ത്രി

രാജ്യത്തിനു മാതൃകയാകുന്ന തരത്തിൽ നമ്മുടെ പൊതുവിദ്യാഭ്യാസ മേഖല മികവ് നേടിയിട്ടുണ്ടെന്നും ലോകത്തിലെ തന്നെ ഏറ്റവും മികച്ചതായി പൊതുവിദ്യാഭ്യാസ രംഗത്തിനു മാറാൻ സാധിക്കു മെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

വിഷൻ 2031ന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച സംസ്ഥാനതല സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരളം വിദ്യാഭ്യാസ മേഖലയിൽ വലിയ തോതിലുള്ള മുന്നേറ്റം നടത്തിയ സംസ്ഥാനമാണ്. അത് സ്വയംഭൂവായി ഉണ്ടായതല്ല. ഒരു കാലത്ത് കേരളത്തിലെ മഹാഭൂരിപക്ഷം അക്ഷരജ്ഞാനം ഇല്ലാത്തവരായിരുന്നു. ഒരു വിഭാഗത്തിന് അക്ഷരാഭ്യാസം നിഷിദ്ധമായിരുന്നു. അതിൽ നിന്നും ഇന്ന് കാണുന്ന സമൂഹമായി മാറ്റിയെടുക്കുന്നതിന് ബോധപൂർവ്വമായി ഇടപെടലുകൾ ഉണ്ടായി. അതിൽ നവോത്ഥാന പ്രസ്ഥാനവും നവോത്ഥാന നായകരും വഹിച്ച പങ്ക് വളരെ വലുതാണ്. ഒരു ഘട്ടത്തിൽ ഇനി വിദ്യാലയങ്ങളാണ് ആരംഭിക്കേണ്ടതെന്ന് പറഞ്ഞ ശ്രീനാരായണ ഗുരുവിന്റെ പേര് പ്രത്യേകം പരാമർശിക്കേണ്ടതുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

ഇ എം എസിന്റെ നേതൃത്വത്തിൽ വന്ന ആദ്യ സർക്കാരാണ് ഇന്ന് കാണുന്ന കേരളത്തിന്റെ അഭിമാനകരമായ വിദ്യാഭ്യാസ മേഖലക്ക് അടിത്തറയിടുന്നത്. കുട്ടികൾക്ക് നടന്നെത്താവുന്ന ദൂരത്ത് സ്കൂളുകൾ ഉണ്ടായി. വലിയ തോതിൽ പഠനത്തിനുള്ള പിന്തുണ നൽകി.

സ്കൂളുകളിൽ ഫീസ് നൽകേണ്ടതില്ല എന്ന നില വന്നപ്പോൾ പാവപ്പെട്ട കുട്ടികൾക്ക് കൂടുതൽ പഠിക്കാൻ അവസരം ലഭിച്ചു.ആ ആനുകൂല്യം അനുഭവിച്ചു പഠിച്ചവരായിരുന്നു ഞങ്ങളുടെ തലമുറയെന്നും അദ്ദേഹം പറഞ്ഞു.

പഴയ തലമുറയിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവർക്ക് വേണ്ടി പിന്നീട് സാക്ഷരതാ പ്രസ്ഥാനം ആരംഭിച്ചു. രാജ്യത്തെ വിസ്മയിപ്പിച്ചുകൊണ്ട് സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനം നടത്താൻ നമുക്ക് സാധിച്ചു.

കേരളത്തിന്റെ വിദ്യാഭ്യാസരംഗം രാജ്യം ശ്രദ്ധിക്കുന്ന തലത്തിൽ ഉയർന്നു. എന്നിരുന്നാലും ഒരു ഘട്ടത്തിൽ പൊതുവിദ്യാഭ്യാസ മേഖല തകർന്നു പോകുമോ എന്ന് ആശങ്ക എല്ലാവരിലുമാണ്ടായി. പൊതു വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾ വൻ തോതിൽ കൊഴിഞ്ഞുപോയി.

എന്നാൽ 2016 ൽ ഇടത് സർക്കാർ അധികാരത്തിൽ വന്നതോടെ പൊതുവിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചു.

കെട്ടിടങ്ങൾ നവീകരിച്ചു. അക്കാദമിക് അംഗമാകെ കാലാനുസൃതമായി. പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതിന് മുന്നേ വിദ്യാർത്ഥികൾക്ക് ലഭിച്ചു തുടങ്ങി.

സാമൂഹിക പ്രതിബദ്ധതയുള്ള സമൂഹം മുന്നോട്ടു പോകേണ്ടതെങ്ങനെയെന്ന് ധാരണയുള്ള സർക്കാർ അധികാരത്തിൽ വന്നതിന്റെ ഉദാഹരണമായി പൊതുവിദ്യാഭ്യാസ മേഖല മാറിയെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. ആന്റണി രാജു എം എൽ എ, പൊതുവിദ്യാഭ്യാസ സെക്രട്ടറി കെ വാസുകി, ഡയറക്ടർ ഉമേഷ് എൻ എസ് കെ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പ്രൊഫ. മിനി സുകുമാർ, കൈറ്റ് സി ഇ ഒ അൻവർ സാദത്ത് തുടങ്ങിയവർ പങ്കെടുത്തു.

# കള്ളക്കടൽ ജാഗ്രതാ നിർദേശം

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി നാളെ (14/10/2025) വൈകുന്നേരം 05.30 മുതൽ 16/10/2025 രാത്രി 11.30 വരെ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം (ആലപ്പാട്ട് മുതൽ ഇടവ വരെ) തീരങ്ങളിൽ 0.8 മുതൽ 1.1 മീറ്റർ വരെയും;

കന്യാകുമാരി ജില്ലയിലെ നീരോടി മുതൽ ആരോക്യപുരം വരെയുള്ള തീരങ്ങളിൽ 1.0 മുതൽ 1.1 മീറ്റർ വരെയും ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കുക.

1. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം.

2. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്.

3. കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലക്കും സാധ്യതയുള്ള ഘട്ടത്തിൽ കടലിലേക്ക് മത്സ്യബന്ധന യാനങ്ങൾ ഇറക്കുന്നത് പോലെ തന്നെ അപകടകരമാണ് കരയ്ക്കടുപ്പിക്കുന്നതും. ആയതിനാൽ തിരമാല ശക്തിപ്പെടുന്ന ഘട്ടത്തിൽ കടലിലേക്ക് ഇറക്കുന്നതും കരയ്ക്കടുപ്പിക്കുന്നതും ഒഴിവാക്കേണ്ടതാണ്.

4. INCOIS മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ ബീച്ചുകൾ കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരമുൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും പൂർണമായി ഒഴിവാക്കേണ്ടതാണ്

5. മൽസ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുക. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കാം. മൽസ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം.

6. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കുക.

7. തീരശോഷണത്തിനു സാധ്യതയുള്ളതിനാൽ പ്രത്യേകം ജാഗ്രത പുലർത്തുക.പുറപ്പെടുവിച്ച സമയവും തീയതിയും: 06.00 അങ; 13/10/2025

# മുൻ ഐഎഎസ് ഉദ്യോഗസ്ഥൻ കണ്ണൻ ഗോപിനാഥൻ കോൺഗ്രസിൽ

ന്യൂഡൽഹി: മുൻ ഐഎസ് ഉദ്യോഗസ്ഥൻ കണ്ണൻ ഗോപിനാഥൻ കോൺഗ്രസിൽ ചേർന്നു. ഡൽഹിയിലെ പാർട്ടി ആസ്ഥാനമായ ഇന്ദിരാ ഭവനിൽ രാവിലെ 11.30ന് എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ അദ്ദേഹത്തിന് പാർട്ടി അംഗത്വം നൽകി. കനയ്യ കുമാർ അടക്കമുള്ള നേതാക്കളുടെ സാന്നിധ്യത്തിലായിരുന്നു അംഗത്വം സ്വീകരിച്ചത്. ജമ്മുകാഷ്മീരിൽ ആർട്ടിക്കിൾ 370 റദ്ദാക്കിയതിൽ പ്രതിഷേധിച്ച് കണ്ണൻ ഗോപിനാഥൻ സർവീസിൽ നിന്ന് രാജിവച്ചിരുന്നു. കേന്ദ്രത്തിനെതിരെ രൂക്ഷവിമർശനങ്ങൾ പലപ്പോഴും തുറന്ന് പറഞ്ഞയാളാണ് കണ്ണൻ ഗോപിനാഥൻ.

പൗരത്വ പ്രതിഷേധവുമായി ബന്ധപ്പെട്ട് നേരത്തേ മുംബൈയിൽ വച്ചും ആഗ്രയിൽ വച്ചും അദ്ദേഹത്തെ പോലീസ് കസ്റ്റഡിയിലെടുത്തിരുന്നു. കേന്ദ്ര സർക്കാർ നയത്തിനെതിരെ രാജ്യവ്യാപകമായി പ്രതിഷേധ പരിപാടികളിലും കണ്ണൻ ഗോപിനാഥൻ പങ്കെടുത്തിരുന്നു.

മല്ലികാർജുൻ ഖർഗെയും രാഹുൽ ഗാന്ധിയുമായും കൂടിക്കാഴ്ച നടത്തിയ ശേഷമാണ് കണ്ണൻ ഗോപിനാഥൻ കോൺഗ്രസിലേക്ക് ചേരുന്നതെന്ന് കെ. സി. വേണുഗോപാൽ പറഞ്ഞു. ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കും എന്നായിരുന്നു കണ്ണൻറെ പ്രതികരണം.

ഇത് പൗരന്മാരുടെ പാർട്ടിയാണ്. എന്നാൽ പൗരന്മാരിൽ നിന്ന് പ്രജകളിലേക്കുള്ള യാത്രയാണ് ഇപ്പോൾ നടക്കുന്നത്. തിരിച്ചു പൗരന്മാരിലേക്കുള്ള യാത്രയാണ് ലക്ഷ്യം. എന്താണ് തൻറെ റോളെന്ന് പാർട്ടി തീരുമാനിക്കുമെന്നും കണ്ണൻ ഗോപിനാഥൻ പറഞ്ഞു. കോട്ടയം ജില്ലയിലെ പുതുപ്പള്ളി സ്വദേശിയും 2012 ബാച്ചിലെ ഉദ്യോഗസ്ഥനുമായ കണ്ണൻ ഗോപിനാഥൻ ദാദ്ര നഗർ ഹവേലിയിലെ കളക്ടറായിരുന്നു.

# നേപ്പാളിൽ നിന്നും ജയിൽ ചാടിയ പാക് പൗരയെന്ന് സംശയിക്കുന്ന വയോധിക ത്രിപുരിയിൽ പിടിയിൽ

ഗോഹട്ടി: നേപ്പാളിൽ നിന്നും ജയിൽചാടിയ പാക്കിസ്ഥാൻ പൗരയെന്ന് സംശയിക്കുന്ന വയോധിക ത്രിപുരയിൽ പിടിയിൽ. ലൂയിസ് നിഘത് അക്തർ ഭാനോ(65) ആണ് അറസ്റ്റിലായത്.

സബ്രൂം റെയിൽവേ സ്റ്റേഷനിൽ നിന്നും ഗവൺമെൻറ് റെയിൽവേ പോലീസ് (ജിആർപി) ആണ് ഇവരെ കസ്റ്റഡിയിലെടുത്തത്. പിന്നീട് പോലീസിന് കൈമാറി. ബംഗ്ലാദേശിലേക്ക് കടക്കുക എന്ന ഉദേശ്യത്തോടെയാണ് അവർ വന്നതെന്ന് സംശയിക്കുന്നുവെന്നും അവരുടെ നീക്കങ്ങളെയും ഉദേശ്യങ്ങളെയും കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനായി പോലീസും മറ്റ് സുരക്ഷാ ഏജൻസികളും ചോദ്യം ചെയ്തു വരികയാണെന്നും അധികൃതർ അറിയിച്ചു.

പ്രാഥമിക ചോദ്യം ചെയ്യലിൽ ഇവർ നേപ്പാളിലെ ഒരു ജയിലിൽ നിന്ന് രക്ഷപ്പെട്ടതാണെന്ന് കണ്ടെത്തി. ഇവരുടെ പൗരത്വം ഇതുവരെ സ്ഥിരീകരിച്ചിട്ടില്ലെന്നും പാക്കിസ്ഥാനിയാണെന്ന് സംശയിക്കുന്നതായും പോലീസ് അറിയിച്ചു.

പാക്കിസ്ഥാനിലെ ഷെയ്ഖുപുരയിൽ താമസിക്കുന്ന എം. ഡി. ഗൊലാഫ് ഫരാജ് എന്നയാളുടെ ഭാര്യയാണ് ഭാനോ എന്നാണ് റിപ്പോർട്ട്. 12 വർഷം മുമ്പ് പാക്കിസ്ഥാൻ പാസ്പോർട്ട് ഉപയോഗിച്ച് നേപ്പാളിൽ പ്രവേശിച്ച ഇവർ മയക്കുമരുന്ന് കടത്തിലേക്ക് തിരിയുകയായിരുന്നു.

2014ൽ, ഒരു കിലോ ബ്രൗൺ ഷുഗർ കൈവശം വച്ചതിന് നേപ്പാളിൽ വച്ച് പോലീസ് ഇവരെ അറസ്റ്റ് ചെയ്തു. തുടർന്ന് 15 വർഷം തടവിന് ശിക്ഷിച്ചു.

കഴിഞ്ഞ മാസം വരെ കാഠ്മണ്ഡു ജയിലിൽ ശിക്ഷ അനുഭവിച്ചു വരികയായിരുന്നു ഇവർ. അടുത്തിടെ നേപ്പാളിലുണ്ടായ കലാപത്തിനിടെ ജയിലിൽ നിന്നും രക്ഷപെട്ട ഇവർ ഇന്ത്യയിലെത്തുകയായിരുന്നു.

കലാപ കാലയളവിൽ നേപ്പാളിലെ ജയിലിൽ നിന്നും ഏകദേശം 13,000 തടവുപുള്ളികൾ ജയിൽ ചാടിയിരുന്നു. തുടർന്ന് ഇന്ത്യയിലേക്ക് രക്ഷപെടാൻ ശ്രമിക്കുന്നതിനിടെ ഇവരിൽ പലരും പിടിയിലായി.

# യുപിയിൽ പോലീസുമായി ഏറ്റുമുട്ടൽ; നിരവധി കേസുകളിലെ പ്രതി മരിച്ചു

ലക്നോ: ഉത്തർപ്രദേശിൽ നിരവധി കേസുകളിലെ പ്രതിയെ പോലീസ് വെടിവച്ചുകൊന്നു. ഷെഹ്ഷാദ് എന്നയാളെ മീററ്റ് പോലീസാണ് ഏറ്റുമുട്ടലിൽ വകവരുത്തിയത്.

പിടികൂടാൻ ശ്രമിക്കുന്നതിനിടെ ഇയാൾ പോലീസിന് നേരെ വെടിയുതിർത്തു പ്രത്യാക്രമണത്തിലാണ് ഇയാൾ കൊല്ലപ്പെട്ടത്. തിങ്കളാഴ്ച രാവിലെ 5.30നാണ് സംഭവം.

പോലീസ് ഏറെ നാളായി അന്വേഷിച്ചുകൊണ്ടിരുന്ന കൊടുംകുറ്റവാളിയാണ് ഷാഹ്ഷാദ്. ഇയാളെ പിടികൂടുന്നവർക്ക് ഉത്തർപ്രദേശ് പോലീസ് 25,000 രൂപ പ്രതിഫലവും പ്രഖ്യാപിച്ചിരുന്നു.

പ്രതി എവിടെയുണ്ടെന്നുള്ള വിവരം ലഭിച്ചതിനെ തുടർന്ന് രാവിലെയാണ് ഇയാളെ പിടികൂടാനുള്ള ശ്രമങ്ങൾ പോലീസ് ആരംഭിച്ചത്. ഷഹ്ഷാദിൻറെ പക്കലും തോക്കുണ്ടായിരുന്നു. ഇയാൾ ആദ്യം പോലീസിന് നേരെ വെടിവയ്ക്കുകയായിരുന്നു.

തുടർന്ന് പോലീസ് തിരികെ വെടിയുതിർത്തു. ഏറ്റുമുട്ടലിനിടയിൽ പ്രതിയുടെ നെഞ്ചിലും വെടിയേൽക്കുകയായിരുന്നു. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസുകളിലെ പ്രതിയായ ഷഹ്ഷാദ് ഒരു സ്ഥിരം കുറ്റവാളിയാണെന്ന് പോലീസ് വ്യക്തമാക്കുന്നു.

അഞ്ച് വയസുകാരിയെ പീഡിപ്പിച്ച കേസിൽ ഇയാൾ ഏകദേശം അഞ്ചു വർഷക്കാലം ജയിൽ ശിക്ഷ അനുഭവിച്ചിരുന്നു. പിന്നീട് ജയിലിൽ നിന്നും പുറത്തിറങ്ങിയ ശേഷമാണ് ഇയാൾ ഏഴ് വയസുകാരിയെ പീഡിപ്പിച്ചത്.

ഇയാളുടെ പേരിൽ നിലവിൽ രണ്ട് പീഡനക്കേസുകൾക്ക് പുറമെ, മോഷണം, ഭീഷണി, പണം തട്ടിയെടുക്കൽ തുടങ്ങിയ കേസുകളും മീററ്റ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കഴിഞ്ഞ കുറച്ച് ദിവസങ്ങളായി ഇയാളെ പിടികൂടണം എന്നാവശ്യപ്പെട്ട് മീററ്റിൽ വലിയ രീതിയിൽ ജനരോഷം ഉയർന്നിരുന്നു. ജയിലിലായ ഒരു വ്യക്തി പുറത്തിറങ്ങി വീണ്ടും അതേ കുറ്റകൃത്യം ആവർത്തിച്ചതാണ് ജനങ്ങളുടെ പ്രതിഷേധത്തിന് പ്രധാന കാരണം.

ഞായറാഴ്ച രാത്രി അതിജീവിതയായ ഏഴ് വയസുകാരിയുടെ വീട്ടിലെത്തിയ ഷഹ്സാദ്, വീട്ടുകാരെ തോക്ക് ചൂണ്ടി ഭീഷണിപ്പെടുത്തിയിരുന്നു. പോലീസിനെ സമീപിക്കരുതെന്നും കൊന്നു കളയും എന്നും പറഞ്ഞാണ് ഇയാൾ ഭീഷണിപ്പെടുത്തിയത്.

# എൻഡിഎയിൽ പ്രശ്നങ്ങളുണ്ട്; ബിഹാറിൽ മഹാസഖ്യം അധികാരത്തിലെത്തും: മൃത്യുഞ്ജയ് തിവാരി

പാറ്റ്ന: അടുത്ത മാസം നടക്കാനിരിക്കുന്ന ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ മഹാസഖ്യത്തിനായിരിക്കും വിജയം എന്ന് ആർജെഡി നേതാവ് മൃത്യുഞ്ജയ് തിവാരി. വൻ ഭൂരിപക്ഷത്തിൽ വിജയിച്ച് മഹാസഖ്യം അധികാരത്തിലെത്തുമെന്നും അദ്ദേഹം പറഞ്ഞു. 'മഹാസഖ്യം ശക്തമായ നിലയിലാണ്. സഖ്യത്തിലെ ഏല്ലാ പാർട്ടികളും തമ്മിൽ അത്രത്തോളം ഐക്യമുണ്ട്. മാത്രവുമല്ല സംസ്ഥാനത്തെ ജനങ്ങൾ മാറ്റം ആഗ്രഹിക്കുന്നുണ്ട്. ഭരണമാറ്റം ഉണ്ടാകുമെന്ന് ഉറപ്പാണ്. '-തിവാരി അവകാശപ്പെട്ടു. 'എന്നാൽ എൻഡിഎയിൽ കാര്യങ്ങൾ അത്ര ശുഭകരമല്ല. അവിടെ തർക്കങ്ങളുണ്ട്. ബിജെപി ചെറു പാർട്ടികളെ അവഗണിക്കുകയാണ് അവർ ആവശ്യപ്പെട്ട സീറ്റുകൾ പോലും കൊടുക്കുന്നില്ല. അതുകൊണ്ട് തന്നെ എച്ച്എഎമ്മും ആർഎൽഎമ്മും അതൃപ്തരാണ്. '-തിവാരി പറഞ്ഞു.

ജെഡിയും പോലും എൻഡിഎയിൽ സുരക്ഷിതരല്ലെന്നും തിവാരി പറഞ്ഞു. തെരഞ്ഞെടുപ്പിന് ശേഷം അവരെ മാറ്റിനിർത്തി ബിജെപി തന്നെ മുഖ്യമന്ത്രി പദവി അടക്കം ഏറ്റെടുക്കുമെന്നും തിവാരി കൂട്ടിച്ചേർത്തു. ബിജെപി ചിരാഗിനെ മാത്രമാണ് കണക്കിലെടുക്കുന്നതെന്നും നിതീഷ് കുമാറിന് വെറും കാഴ്ചക്കാരനായി മാത്രമെ നിൽക്കാൻ സാധിക്കുവെന്നും തിവാരി പറഞ്ഞു. നവംബറിൽ രണ്ട് ഘട്ടങ്ങളിലായാണ് ബിഹാറിൽ നിയമസഭ തെരഞ്ഞെടുപ്പ് നടക്കാൻ പൊകുന്നത്. നവംബർ ആറിന് ആദ്യഘട്ടവും പതിനൊന്നിന് രണ്ടാം ഘട്ടവും നടക്കും. 14നാണ് വോട്ടെണ്ണൽ.

# എച്ച്എഎം ഒരിക്കലും മുന്നണി വിടില്ല; ബിഹാറിൽ എൻഡിഎ വൻവിജയം നേടും: കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചി

പാറ്റ്ന: അടുത്ത മാസം നടക്കുന്ന ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ എൻഡിഎ വൻ ഭൂരിപക്ഷത്തിൽ വിജയിച്ച് ഭരണം തുടരുമെന്ന് കേന്ദ്രമന്ത്രിയും ഹിന്ദുസ്ഥാനി അവാം മോർച്ച(എച്ച്എഎം) അധ്യക്ഷനുമായ ജിതൻ റാം മാഞ്ചി. സംസ്ഥാനത്ത് എൻഡിഎയ്ക്ക് അനുകൂലമായ സാഹചര്യമാണെന്നും എൻഡിഎ തന്നെ വിജയിക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയും ഇല്ലെന്നും അദ്ദേഹം പറഞ്ഞു. 'ബിഹാറിലെ ജനങ്ങൾ എൻഡിയ്ക്കൊപ്പമാണ്. സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ തുടരണമെന്നാണ് അവർ ആഗ്രഹിക്കുന്നത്. അതുകൊണ്ട് തന്നെ അവർ എൻഡിഎയെ തന്നെ വീണ്ടും അധികാരത്തിലെത്തിക്കും. '-മാഞ്ചി അവകാശപ്പെട്ടു.

സീറ്റ് വിഭജന കാര്യത്തിൽ എച്ച്എഎമ്മിന് അതൃപ്തി ഉണ്ടെന്ന തരത്തിൽ വന്ന വാർത്തകളും മാഞ്ചി തള്ളി. എച്ച്എഎം എൻഡിഎ തീരുമാനത്തിനൊപ്പമാണ്. താൻ എല്ലാക്കാലത്തും പ്രധാനമന്ത്രി നരേന്ദ്ര മോദിയ്ക്കൊപ്പമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ബിഹാർ തെരഞ്ഞെടുപ്പിനുള്ള എൻഡിഎ സീറ്റ് വിഭജനം ഞായറാഴ്ച പൂർത്തിയായിരുന്നു. ബിജെപിയും ജെഡിയുവും 101 സീറ്റുകളിൽ വീതം മത്സരിക്കും. എൽജെപിക്ക് 29 സീറ്റും ഉപേന്ദ്ര കുശ്വാഹയുടെ രാഷ്ട്രീയ ലോക് മോർച്ചയ്ക്കും ജിതൻ റാം മാഞ്ചിയുടെ ഹിന്ദുസ്ഥാൻ അവാം മോർച്ചയ്ക്കും ആറ് സീറ്റുകൾ വീതം ലഭിച്ചു.

നവംബറിൽ രണ്ട് ഘട്ടങ്ങളിലായാണ് ബിഹാറിൽ നിയമസഭ തെരഞ്ഞെടുപ്പ് നടക്കാൻ പൊകുന്നത്. നവംബർ ആറിന് ആദ്യഘട്ടവും പതിനൊന്നിന് രണ്ടാം ഘട്ടവും നടക്കും. 14നാണ് വോട്ടെണ്ണൽ.

## പ്രണയം സത്യമാണെന്ന് തെളിയിക്കാൻ വിഷം കഴിച്ച യുവാവിന് ദാരുണാന്ത്യം

റായ്പുർ: പ്രണയം സത്യമാണെന്ന് തെളിയിക്കാൻ വിഷം കഴിച്ച യുവാവിന് ദാരുണാന്ത്യം. ഛത്തീസ്ഗഡിലെ കോർബ ജില്ലയിലാണ് സംഭവം. ദിയോപാഹ്രി ഗ്രാമവാസിയായ കൃഷ്ണകുമാർ പാണ്ഡോ (20) ആണ് മരിച്ചത്. കാമുകിയുടെ വീട്ടുകാരുടെ നിർബന്ധപ്രകാരമാണ് കൃഷ്ണകുമാർ വിഷം കഴിച്ചത്.

സോനാരിയിൽ താമസിക്കുന്ന ഒരു പെൺകുട്ടിയുമായി കൃഷ്ണകുമാർ പ്രണയത്തിലായിരുന്നു. ഇവരുടെ ബന്ധത്തെക്കുറിച്ച് അറിഞ്ഞ പെൺകുട്ടിയുടെ വീട്ടുകാർ, യുവാവിനോട് വീട്ടിലേക്ക് വരാൻ ആവശ്യപ്പെട്ടു. സെപ്റ്റംബർ 25ന് പെൺകുട്ടിയുടെ വീട്ടിലെത്തിയപ്പോൾ അവളോട് യഥാർഥ പ്രണയമുണ്ടെങ്കിൽ വിഷം കഴിച്ച് തെളിയിക്കാൻ ബന്ധുക്കൾ കൃഷ്ണകുമാറിനോടു പറഞ്ഞു. ഇതനുസരിച്ച് യുവാവ് വിഷം കഴിക്കുകയും പിന്നീട് ഈ വിവരം സ്വന്തം വീട്ടുകാരെ അറിയിക്കുകയും ചെയ്തു. ഗുരുതരാവസ്ഥയിലായ ഇയാൾ ചികിത്സയിൽ കഴിയവെ മരണത്തിനു കീഴടങ്ങി.

പെൺകുട്ടിയുടെ വീട്ടുകാർ യുവാവിനെ വിഷം കഴിക്കാൻ പ്രേരിപ്പിച്ചു എന്ന് ബന്ധുക്കൾ ആരോപിച്ചു. സംഭവത്തിൽ കേസെടുത്തിട്ടുണ്ടെന്നും അന്വേഷണം പുരോഗമിക്കുകയാണെന്നും പോലീസ് പറഞ്ഞു.

## വനിതാ മാധ്യമപ്രവർത്തകർക്ക് അനുമതി നിഷേധിച്ചത് സാങ്കേതിക പിഴവ്: അഫ്ഗാൻ വിദേശകാര്യമന്ത്രി

ഡൽഹി: കഴിഞ്ഞ ദിവസം ഡൽഹിയിൽ വിളിച്ചുചേർത്ത വർത്താസമ്മേളനത്തിൽ വനിത മാധ്യമപ്രവർത്തകർക്ക് പ്രവേശനം നിഷേധിച്ച സംഭവത്തിൽ പ്രതിഷേധമുയർന്നതോടെ പ്രതികരണവുമായി അഫ്ഗാൻ വിദേശകാര്യമന്ത്രി അമീർ ഖാൻ മുത്തഖി. വനിതാ മാധ്യമപ്രവർത്തകർക്ക് അനുമതി നിഷേധിച്ചത് സാങ്കേതിക പിഴവാണെന്നും മറ്റ് ഉദ്ദേശ്യങ്ങളൊന്നുമില്ലെന്നും മുത്തഖി പറഞ്ഞു. കുറഞ്ഞ സമയത്തിനുള്ളിലാണ് വാർത്താസമ്മേളനം വിളിച്ചുചേർത്തത്.

ക്ഷണിച്ച മാധ്യമപ്രവർത്തകരുടെ പട്ടികയും ചെറുതായിരുന്നു. സാങ്കേതിക പിഴവല്ലാതെ മറ്റൊരു പ്രശ്നവും ഇതിന് പിന്നിലില്ലെന്ന് അദ്ദേഹം പറഞ്ഞു. മാധ്യമപ്രവർത്തകരുടെ പ്രത്യേക പട്ടിക അടിസ്ഥാനപ്പെടുത്തിയാണ് ഞങ്ങളുടെ സഹപ്രവർത്തകർ അവരെ ക്ഷണിക്കാൻ തീരുമാനിച്ചത്. ഇതിൽ മറ്റ് ഉദ്ദേശ്യങ്ങളൊന്നുമില്ലായിരുന്നെന്ന് മുത്തഖി വ്യക്തമാക്കി. വനിതാ മാധ്യമപ്രവർത്തകരെ ഒഴിവാക്കിയ സംഭവം രാഷ്ട്രീയമായി ഏറെ ചർച്ചചെയ്യപ്പെട്ടു. സ്ത്രീകൾക്കായി നിലകൊള്ളാൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് സാധിച്ചില്ലെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വിമർശിച്ചു.

## പുരോഹിതൻെറ ഭാര്യയെയും മക്കളെയും വെട്ടിക്കൊന്നു; പ്രായപൂർത്തിയാകാത്ത രണ്ട് പേർ അറസ്റ്റിൽ

ഉത്തർപ്രദേശ്: മുസ്ലീം പുരോഹിതൻെറ ഭാര്യയെയും രണ്ട് മക്കളെയും വെട്ടിക്കൊന്ന സംഭവത്തിൽ പ്രായപൂർത്തിയാകാത്ത രണ്ട് പേർ അറസ്റ്റിൽ. ഉത്തർപ്രദേശ് ബാഗ്പത്തിലെ ഗംഗാനൗളി ഗ്രാമത്തിലെ പള്ളി ഇമാമായ ഇബ്രാഹിം മൗലവിയുടെ ഭാര്യ ഇസ്രാനയെയും അഞ്ചും രണ്ടും വയസുള്ള രണ്ട് പെൺകുട്ടികളെയും വീടിനുള്ളിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്.

പള്ളിയിലെ പതിനഞ്ചും പതിനാറും വയസുള്ള വിദ്യാർഥികളായ രണ്ട് കുട്ടികൾക്ക് മൗലവിയോടുണ്ടായിരുന്ന വ്യക്തിപരമായ വൈരാഗ്യമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്ന് പോലീസ് അന്വേഷണത്തിൽ വ്യക്തമായി. അച്ചടക്കം ഉറപ്പാക്കാൻ ശകാരവും കർശന നടപടികളും സ്വീകരിച്ച അധ്യാപകനായ ഇബ്രാഹിം മൗലവിയോട് ഇരുവരും പക മനസിൽ സൂക്ഷിച്ചിരുന്നു.

അധ്യാപകൻ പുറത്തുപോയെന്ന് മനസിലാക്കിയ ഇരുവരും കുടുംബത്തെ ആക്രമിക്കാൻ പദ്ധതിയിടുകയും കഴിഞ്ഞ രാത്രി നടപ്പാക്കുകയുമായിരുന്നു. മൂർച്ചയുള്ള ആയുധം സ്ഥലത്തുനിന്ന് പോലീസ് കണ്ടെടുത്തു. സിസിടിവി കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണമാണ് കുട്ടികളിലേക്ക് പോലീസിനെ എത്തിച്ചത്.

## ഇസ്രയേൽ ബന്ദികൾ മുഴുവൻ മോചിതർ: ട്രംപ് ഇസ്രയേലിൽ; പാർലമെൻറിൽ സംസാരിക്കും

ടെൽ അവീവ്: ഇസ്രയേലി ബന്ദികളെ മുഴുവനായും വിട്ടയച്ച് ഹമാസ്. ഗാസ സമാധാന ഉടമ്പടി പ്രകാരമുള്ള കൈമാറ്റത്തിലൂടെയാണ് രണ്ട് ഘട്ടമായി ബന്ദികളെ മോചിപ്പിച്ചത്. ആദ്യം ഏഴ് ബന്ദികളെയും പിന്നീട് 13 പേരെയും റെഡ് ക്രോസ് വഴി ഹമാസ് ഇസ്രയേലിന് കൈമാറി. ബന്ദികൾക്കായി ടെൽ അവീവിൽ വൻ സ്വീകരണമാണ് ഒരുക്കിയിരിക്കുന്നത്.

കൊല്ലപ്പെട്ട ബന്ദികളുടെ മൃതദേഹങ്ങൾ ഇന്ന് കൈമാറും. 28 ബന്ദികളുടെ മൃതദേഹങ്ങൾ ഹമാസിൻറെ കൈവശമുണ്ടെന്നാണ് വിവരം. ഇസ്രയേലി ബന്ദികളുടെ മോചനത്തിന് പകരമായി ഗാസ നിവാസികളടക്കമുള്ള രണ്ടായിരത്തോളം പലസ്തീനികളെ ഇസ്രയേൽ വിട്ടയക്കും. 2023ലെ ആക്രമണത്തിൽ ഹമാസ് 251 പേരെയാണ് ബന്ദികളാക്കിയത്.

ഇവരെ പിന്നീട് പല ഘട്ടങ്ങളായി വിട്ടയക്കുകയും ചിലർ കൊല്ലപ്പെടുകയുമുണ്ടായി.യുഎസ് പ്രസിഡൻറ് ഡോണാൾഡ് ട്രംപ് ഇസ്രയേലിലെത്തി. ഇസ്രയേൽ പാർലമെൻറിനെ അഭിസംബോധന ചെയ്ത് ട്രംപ് സംസാരിക്കും.

# ജെൻ സി പ്രക്ഷോഭങ്ങൾക്കിടെ 540 ഓളം ഇന്ത്യൻ പൗരന്മാർ തടവുചാടിയെന്നു നേപ്പാൾ

കഠ്മണ്ഡു: ജെൻ സി പ്രക്ഷോഭങ്ങൾക്കിടെ ഇന്ത്യൻ പൗരന്മാർ തടവുചാടിയെന്നു നേപ്പാളിലെ ജയിൽ മാനേജ്മെൻറ് വകുപ്പ്. ജെൻ സി പ്രക്ഷോഭം തുടങ്ങി രണ്ടാം ദിവസം നേപ്പാളിലെ വിവിധ ജയിലുകളിൽനിന്ന് രക്ഷപ്പെട്ടത് 13,000ത്തിലധികം തടവുകാരാണെന്നാണു വിവരം.

തടവു ചാടിയവരിൽ 540 ഓളം പേർ ഇന്ത്യൻ പൗരന്മാരാണെന്ന് ജയിൽ വകുപ്പ് പുറത്തുവിട്ട വിവരം. ഇവർ ഉൾപ്പടെ വിവിധ കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ട 5,000 നേപ്പാളി പൗരന്മാരും മറ്റു രാജ്യങ്ങളിൽ നിന്നുള്ള 108 തടവുകാരും ഒളിവിലാണെന്ന് റിപ്പോർട്ടുകൾ പറയുന്നു.

ജയിൽ ചാടിയവരെ കണ്ടെത്താൻ സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമേ ഒളിവിലുള്ള തടവുകാർ തിരികെ ജയിലുകളിൽ ഹാജരാകണമെന്ന് ആവശ്യപ്പെട്ട് ആഭ്യന്തര മന്ത്രാലയം നോട്ടീസും പുറത്തിറക്കി. അതേസമയം രക്ഷപ്പെട്ട 7,735 തടവുകാരെ തിരികെ എത്തിച്ചതായി അധികൃതർ സെപ്റ്റംബർ 28ന് അറിയിച്ചു.

# കരൂർ ദുരന്തം; സിബിഐ അന്വേഷണം പ്രഖ്യാപിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: തമിഴ്നാട്ടിലെ കരൂരിലുണ്ടായ ദുരന്തത്തിൽ സിബിഐ അന്വേഷണം പ്രഖ്യാപിച്ച് സുപ്രീംകോടതി. രാജ്യത്തെ നടുക്കിയ സംഭവമാണെന്ന് പരാമർശിച്ചാണ് കോടതി ഉന്നതതല അന്വേഷണത്തിന് ഉത്തരവിട്ടത്. കോടതി മേൽനോട്ടത്തിലായിരിക്കും അന്വേഷണം നടക്കുക. മുൻ ജഡ്ജി അജയ രസ്തോഗി അധ്യക്ഷനായ സമിതിയാണ് കേസന്വേഷണത്തിൽ മേൽനോട്ടം വഹിക്കുക. സ്വതന്ത്ര അന്വേഷണമാവശ്യപ്പെട്ട് ടിവികെ നൽകിയ ഹർജിയിലാണ് സുപ്രീംകോടതി ഉത്തരവ്. ജസ്റ്റീസുമാരായ ജെ. കെ. മഹേശ്വരി, എൻ. വി. അൻജാരിയ എന്നിവരുടെ ബെഞ്ചിൻറേതാണ് ഉത്തരവ്.

പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച മദ്രാസ് ഹൈക്കോടതി ഉത്തരവ് റദ്ദാക്കണമെന്നും സുപ്രീംകോടതി മുൻ ജഡ്ജിയുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തണെന്നും ആവശ്യപ്പെട്ടായിരുന്നു ടിവികെ ഹർജി നൽകിയത്. സെപ്റ്റംബർ 27 നാണ് കരൂരിൽ തമിഴക വെട്രി കഴകം സ്ഥപകനും നടനുമായ വിജയ് പങ്കെടുത്ത പ്രചാരണ പരിപാടിക്കിടയിൽ തിക്കിലും തിരക്കിലും പെട്ട് 41 പേർ മരിച്ചത്.

# ഗാസ സമാധാന പദ്ധതി; രാജ്യാന്തര ഉച്ചകോടി ഇന്ന് ഈജിപ്തിൽ, ഇസ്രയേൽ പങ്കെടുക്കില്ല

കയ്റോ: ഗാസയിൽ വെടിനിർത്തൽ തുടരുന്നതിനിടെ യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് മുന്നോട്ടുവച്ചതും ഇസ്രയേലും ഹമാസും അംഗീകരിച്ചതുമായ ഗാസ സമാധാന പദ്ധതി ചർച്ച ചെയ്യാനുള്ള രാജ്യാന്തര ഉച്ചകോടി ഇന്ന് ഈജിപ്തിൽ. ഈജിപ്തിലെ ഷാമെൽ ഷെയ്ഖിൽ ട്രംപിൻറെയും ഈജിപ്ത് പ്രസിഡൻറ് അബ്ദുൽ ഫത്താ അൽ സിസിയുടെയും അധ്യക്ഷതയിൽ ഇരുപതോളം ലോകനേതാക്കൾ ഉച്ചകോടിയിൽ പങ്കെടുക്കും. എന്നാൽ ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇസ്രയേലിൽനിന്ന് ആരെയും അയയ്ക്കില്ലെന്ന് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിൻറെ വക്താവ് ഷോഷ് ബെഡ്രോസിയൻ പ്രതികരിച്ചു. നെതന്യാഹു എത്തുമോ എന്ന കാര്യത്തിൽ അവ്യക്തത തുടരുന്നതിനിടെയാണ് ഔദ്യോഗിക പ്രഖ്യാപനം പുറത്തുവന്നത്. ഐക്യരാഷ്ട്ര സംഘടന സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ്, ബ്രിട്ടീഷ് പ്രധാനമന്ത്രി കിയ സ്റ്റാമർ, തുർക്കി പ്രസിഡൻറ് തയ്യിപ് എർദോഗൻ, ഇറ്റലി പ്രധാനമന്ത്രി ജോർജ മെലോനി, സ്പെയിൻ പ്രധാനമന്ത്രി പെദ്രോ സാഞ്ചെസ്, ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മക്രോ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കുമെന്നു സ്ഥിരീകരിച്ചിട്ടുണ്ട്. ഉച്ചകോടിക്ക് ലിയോ മാർപാപ്പ ആശംസകൾ നേർന്നു.

# വിദ്യാഭ്യാസ അവാർഡ് വിതരണം

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളികളുടെ മക്കൾക്ക് 2024-25 അധ്യയന വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യ വിതരണത്തിന്റെ തിരുവനന്തപുരം ജില്ലാതല ഉദ്ഘാടനം 2025 ഒക്ടോബർ 14 ന് ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കിഴക്കേകോട്ട കേരള ബാങ്ക് ഓഡിറ്റോറിയത്തിൽ ബോർഡ് ചെയർപേഴ്സൺ എൻ ചന്ദ്രൻ നിർവഹിക്കും. ക്ഷേമനിധി ബോർഡ് ഡയറക്ടർ ശശാങ്കൻ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ക്ഷേമനിധി ബോർഡ് ഡയറക്ടർ ഇടക്കുന്നിൽ മുരളി സ്വാഗതം ആശംസിക്കും. വിവിധ കർഷക തൊഴിലാളി യൂണിയൻ പ്രതിനിധികളും പങ്കെടുക്കും. 2500 രൂപ, 3500 രൂപ എന്നീ വിഭാഗങ്ങളായാണ് വിദ്യാഭ്യാസ ധനസഹായം നൽകുന്നത്. ഫോൺ: 0471 2729175.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# അർച്ചന കിണറ്റിൽ ചാടിയത് മർദനം സഹിക്കാനാകാതെ; മുഖത്തെ മുറിവുകൾ ഫോണിൽ ചിത്രീകരിച്ചു

കൊല്ലം: നെടുവത്തൂരിൽ രക്ഷാപ്രവർത്തനത്തിനിടെ മൂന്നുപേർ മരിച്ച സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. മരിച്ച ശിവകൃഷ്ണൻറെ ക്രൂരമർദനത്തെ തുടർന്നാണ് അർച്ചന കിണറ്റിൽ ചാടിയതെന്നാണ് വിവരം.

സുഹൃത്തുക്കളായ ശിവകൃഷ്ണനും അർച്ചനയും മൂന്ന് വർഷത്തോളമായി ഒരുമിച്ചാണ് താമസിക്കുന്നത്. അർച്ചനയുടെ മൂന്ന് മക്കളും ഇവർക്കൊപ്പമുണ്ടായിരുന്നു.

സ്ഥിര മദ്യപാനിയായ ശിവകൃഷ്ണൻ അർച്ചനയുമായി നിരന്തരം വഴക്കുണ്ടാക്കിയിരുന്നു. ഞായറാഴ്ച രാത്രിയിലും പ്രശ്നമുണ്ടായി. തുടർന്ന് അർച്ചനയെ ക്രൂരമായി മർദിച്ചു.

മുഖത്ത് പരിക്കേറ്റത് അർച്ചന ഫോണിൽ ചിത്രീകരിക്കുകയും ചെയ്തിരുന്നു. ഇതിന് പിന്നാലെ അർധരാത്രിയോടെ അർച്ചന കിണറ്റിലേക്ക് ചാടി. ശിവകൃഷ്ണനാണ് ഫയർഫോഴ്സിനെ വിളിച്ച് വരുത്തിയത്. ഫയർഫോഴ്സ് എത്തിയപ്പോഴും ഇയാൾ മദ്യലഹരിയിലായിരുന്നു.

കൊട്ടാരക്കര ഫയർഫോഴ്സ് യൂണിറ്റിലെ ജീവനക്കാരാണ് സ്ഥലത്തെത്തിയത്. എല്ലാ സുരക്ഷാ സംവിധാനങ്ങളോടെയും സോണി എന്ന ഉദ്യോഗസ്ഥൻ കിണറ്റിലിറങ്ങി. കിണറ്റിലുണ്ടായിരുന്ന അർച്ചനയ്ക്ക് ജീവനുണ്ടായിരുന്നു.

12 അടിയോളം താഴ്ചയുള്ള കിണറിലിറങ്ങിയ സോണി അർച്ചനയെ മുകളിലേക്ക് കയറ്റിക്കൊണ്ടിരിക്കെ കിണറിൻറെ കൈവരിയിൽ ശിവകൃഷ്ണൻ ചാരി നിന്നു. ഇതോടെ കൈവരി ഇടിഞ്ഞ് കിണറ്റിലേക്ക് വീഴുകയായിരുന്നു. ശിവകൃഷ്ണനും കിണറ്റിലേക്ക് വീണു.

ഇഷ്ടികകയും മറ്റും പതിച്ചത് സോണിയുടെയും അർച്ചനയുടെയും മുകളിലേക്കായിരുന്നു. കയറിൽ ബന്ധിപ്പിച്ചത് കൊണ്ട് സോണിയെ വലിച്ച് മുകളിലേക്കെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. കല്ലുകൾ തട്ടി തലയിൽ ഗുരുതരമായ മുറിവേറ്റിരുന്നു. ആശുപത്രിയിലെത്തിച്ചപ്പോഴേക്കും മരിച്ചിരുന്നതായി ഡോക്ടർമാർ വ്യക്തമാക്കി.

അർച്ചനയേയും ശിവകൃഷ്ണനേയും ഫയർഫോഴ്സിൻറെ മറ്റു യൂണിറ്റുകളിൽനിന്ന് ആളുകളെത്തിയാണ് പുറത്തെടുത്തത്. പുറത്തെടുത്തപ്പോൾ ഇരുവരും മരിച്ചിരുന്നു.



പോലീസ് വാഹനങ്ങളുടെ ഫ്ലാഗ് ഓഫ് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# അരുന്ധതി റോയിയുടെ പുകവലിക്കുന്ന ചിത്രം; പുസ്തകത്തിൻെറ വിൽപന തടയണമെന്നാവശ്യപ്പെട്ട ഹർജി തള്ളി

കൊച്ചി: പുകവലിക്കുന്ന ചിത്രം കവർ പേജിലുൾപ്പെടുത്തിയ അരുന്ധതി റോയിയുടെ മദർ മേരി കംസ് ടു മി എന്ന പുസ്തകത്തിൻറെ വിൽപന തടയണമെന്നാവശ്യപ്പെട്ട പൊതുതാൽപര്യ ഹർജി ഹൈക്കോടതി തള്ളി.

ചീഫ് ജസ്റ്റീസ് നിതിൻ ജംദാർ, ജസ്റ്റീസ് ബസന്ത് ബാലാജി എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

നിർബന്ധിത ആരോഗ്യ മുന്നറിയിപ്പ് കവർപേജ് ചിത്രത്തിൽ കൊടുത്തിട്ടില്ലെന്ന് പറഞ്ഞായിരുന്നു ഹർജി സമർപ്പിച്ചിരുന്നത്. എന്നാൽ പുസ്തകത്തിൻറെ പിൻഭാഗത്ത് ഇതുൾപ്പെടുത്തിയിട്ടുണ്ടെന്ന് കോടതി നിരീക്ഷിച്ചു. ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള വേദിയല്ല ഇതെന്നും കോടതി ചൂണ്ടിക്കാട്ടി. 2003ലെ കോട്പ നിയമവും ചട്ടങ്ങളും അനുസരിച്ച് നിയമപ്രകാരം രൂപീകരിച്ച വിദഗ്ധ സമിതികളാണ് ഇത്തരം കാര്യങ്ങൾ തീരുമാനിക്കേണ്ടതെന്നും കോടതി പറഞ്ഞു. പൊതുതാൽപര്യത്തിനാണോ അതോ പരസ്യതാൽപര്യമാണോ ഹർജിക്ക് പിന്നിലെന്ന സംശയവും കോടതി പ്രകടിപ്പിച്ചു.

പൊതുതാൽപര്യ ഹർജികൾ സ്വയം പ്രചാരണത്തിനായി ദുരുപയോഗം ചെയ്യുന്നില്ലെന്ന് കോടതികൾ ഉറപ്പാക്കണമെന്ന മുന്നറിയിപ്പ് നൽകിക്കൊണ്ട് ഹർജി തള്ളുന്നുവെന്നും കോടതി ഉത്തരവിൽ പറയുന്നു.

അഭിഭാഷകനായ രാജസിംഹൻ ആണ് പൊതുതാൽപര്യ ഹർജി സമർപ്പിച്ചത്. പുസ്തകത്തിൻറെ ഉള്ളടക്കത്തേയോ സാഹിത്യ സത്തയേയോ താൻ വെല്ലുവിളിക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു.

പുകവലി ഒരു ഫാഷനാണെന്ന് തോന്നുന്ന യുവാക്കൾക്ക് പ്രത്യേകിച്ച് കൗമാരക്കാരായ പെൺകുട്ടികൾക്കും സ്ത്രീകൾക്കും തെറ്റിദ്ധരിപ്പിക്കുന്ന സന്ദേശമാണ് ഇതിലൂടെ നൽകുന്നതെന്നുമാണ് ഹർജിയിൽ വ്യക്തമാക്കിയിരുന്നത്. പുസ്തകത്തിൻറെ കവർ പുകവലിയുടെയും പുകയില ഉൽപന്നങ്ങളുടെയും പരോക്ഷ പരസ്യത്തിനും പ്രോത്സാഹനത്തിനും തുല്യമാണ്. പ്രത്യേകിച്ചും അരുന്ധതി റോയ് ആഗോളതലത്തിൽ അറിയപ്പെടുന്നയാളാണ്. അവരുടെ പ്രവർത്തനങ്ങൾ യുവാക്കളിലും വായനക്കാരിലും, പ്രത്യേകിച്ച് ഇന്ത്യൻ സമൂഹത്തിൽ ശക്തമായ സ്വാധീനം ചെലുത്താറുണ്ട്.

സിഗരറ്റിൻറെയും മറ്റ് പുകയില ഉൽപ്പന്നങ്ങളുടെയും (വ്യാപാരം, വാണിജ്യം, ഉത്പാദനം, വിതരണം എന്നിവയുടെ പരസ്യവും നിയന്ത്രണവും നിരോധിക്കൽ) നിയമം, 2003 (കോപ്റ്റ) യിലെയും 2008 ലെ നിയമങ്ങളിലെയും വ്യവസ്ഥകളുടെ ലംഘനമാണ് ഇത്തരം ചിത്രീകരണം എന്ന് ഹർജിയിൽ പറയുന്നു.

# യുവമോർച്ച സെക്രട്ടേറിയറ്റ് മാർച്ചിൽ സംഘർഷം; മന്ത്രി വി. എൻ. വാസവൻെറ കോലം കത്തിച്ചു

തിരുവനന്തപുരം: ശബരിമലയിലെ സ്വർണക്കൊള്ളയിൽ പ്രതിഷേധിച്ച് സെക്രട്ടേറിയറ്റിന് മുന്നിൽ യുവമോർച്ച പ്രവർത്തകർ നടത്തിയ മാർച്ചിൽ സംഘർഷം.

പോലീസും പ്രവർത്തകരും തമ്മിൽ കൈയാങ്കളിയുണ്ടായി. പ്രവർത്തകർ ബാരിക്കേഡ് മറച്ചിടാൻ ശ്രമിച്ചതോടെയാണ് സംഘർഷമുണ്ടായത്. മാർച്ച് ബാരിക്കേഡ് വച്ച് പോലീസ് തടഞ്ഞു. തുടർന്ന് ബാരിക്കേഡിന് മുകളിലേക്ക് കയറി പ്രവർത്തകർ പ്രതിഷേധിച്ചു.

പോലീസ് ജലപീരങ്കി പ്രയോഗിച്ചു. ജലപീരങ്കിക്കുനേരെ പ്രവർത്തകർ കമ്പുകൾ വലിച്ചെറിഞ്ഞു. പ്രതിഷേധത്തിനിടെ ദേവസ്വം മന്ത്രി വിഎൻ വാസവൻറെ കോലം പ്രവർത്തകർ കത്തിച്ചു. സ്ഥലത്ത് സംഘർഷാവസ്ഥ തുടരുകയാണ്. പോസ് വാഹനത്തിനുനേരെയും പ്രവർത്തകർ തിരിഞ്ഞു.

# എയ്ഡഡ് സ്കൂൾ ഭിന്നശേഷി സംവരണം; എൻഎസ്എസിന് അനുകൂലമായ വിധി മറ്റ് മാനേജ്മെൻറുകൾക്കും ബാധകമാക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി

തിരുവനന്തപുരം: എയ്ഡഡ് സ്കൂൾ ഭിന്നശേഷി നിയമനത്തിൽ നിർണായക തീരുമാനവുമായി സർക്കാർ.

എൻഎസ്എസിന് അനുകൂലമായ വിധി മറ്റ് മാനേജ്മെൻറുകൾക്കും ബാധകമാക്കുമെന്ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇതിനായി സർക്കാർ നിയമനടപടി സ്വീകരിക്കും. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് ഭരണഘടന ഉറപ്പ് നൽകുന്ന അവകാശം നടപ്പാക്കും.

അടുത്ത തവണ സുപ്രീംകോടതി കേസ് പരിഗണിക്കുമ്പോൾ സർക്കാർ നിലപാട് കോടതിയെ അറിയിക്കും. ക്രൈസ്തവ മാനേജമെൻറുകളുടെ സമ്മർദത്തിന് സർക്കാർ വഴങ്ങി എന്ന് വ്യാഖ്യാനിക്കണ്ടെന്നും മന്ത്രി പറഞ്ഞു. എല്ലാവർക്കും കൊടുക്കുകയാണ് ന്യായമെന്ന് മനസിലായിട്ടുണ്ട്. ജനാധിപത്യ സംവിധാനത്തിൽ ഇങ്ങനെ ഒക്കെയേ പ്രശ്ന പരിഹാരം ഉണ്ടാക്കാൻ കഴിയൂ. ആവശ്യത്തിന് ഭിന്നശേഷിക്കാരെ കിട്ടുന്നില്ല എന്ന വാദത്തോട് യോജിക്കുന്നില്ല. അത് മാനേജ്മെൻറുകളുടെ മാത്രം വാദമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

# മുഖ്യമന്ത്രിയുടെ മകന് ഇഡി സമൻസ് അയച്ചത് ലാവ്ലിൻ കേസിൽ

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻറെ മകൻ വിവേക് കിരണിന് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് സമൻസയച്ചത് എസ്എൻസി ലാവലിൻ കേസുമായി ബന്ധപ്പെട്ടാണെന്ന വിവരങ്ങൾ പുറത്ത്. 2023ലാണ് ഇഡി വിവേകിന് സമൻസ് അയച്ചത്. ക്രൈം നന്ദകുമാറിൻറെ പരാതിയിലായിരുന്നു വിവേകിനെതിരെ ഇഡി അന്വേഷണം. ലാവ്ലിൻ കമ്പനി ഡയറക്ടറായിരുന്ന ദിലീപ് രാഹുലൻ, വിവേക് കിരണിൻറെ വിദ്യാഭ്യാസ ചെലവിനായി പണം നൽകി എന്ന വിവരം ലഭിച്ചതിൻറെ അടിസ്ഥാനത്തിലാണ് ഇഡി സമൻസ് അയച്ചത്. എന്നാൽ വിവേക് ഹാജരായില്ല.

നേരത്തെ, ഈ സമൻസ് ലൈഫ് മിഷൻ കേസുമായി ബന്ധപ്പെട്ടാണ് എന്ന തരത്തിലുള്ള ചർച്ചകൾ പുരോഗമിച്ചിരുന്നുവെങ്കിലും, ലാവ്ലിൻ കേസിലാണ് സമൻസ് അയച്ചതെന്നാണ് ഇപ്പോഴുള്ള വിവരം.സൺ ഓഫ് പിണറായി വിജയൻ, ക്ലിഫ് ഹൗസ് എന്ന് രേഖപ്പെടുത്തി 2023ൽ അയച്ച സമൻസിൻറെ പകർപ്പാണ് പുറത്തായത്. വടക്കാഞ്ചേരിയിലെ ലൈഫ് മിഷൻ ഭവന പദ്ധതിയിലെ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്നാണ് ഇഡി സമൻസ് അയച്ചത് എന്നായിരുന്നു നേരത്തേ പുറത്തുവന്ന വിവരങ്ങൾ.

അന്നത്തെ ഇഡി കൊച്ചി അസിസ്റ്റൻറ് ഡയറക്ടർ പി. കെ. ആനന്ദ് ആണ് സമൻസയച്ചത്. 2023 ഫെബ്രുവരി 14ന് രാവിലെ 10. 30ന് കൊച്ചിയിലെ ഇഡി ഓഫിസിൽ ഹാജരാകാനായിരുന്നു സമൻസ്.

# കോട്ടയം മെഡിക്കൽ കോളജ് അപകടം; മരിച്ച ബിന്ദുവിൻറെ മകൻ സർക്കാർ ജോലിയിൽ പ്രവേശിച്ചു

കോട്ടയം: കോട്ടയം മെഡിക്കൽ കോളജ് അപകടത്തിൽ മരിച്ച ബിന്ദുവിൻറെ മകൻ നവനീത് വിശ്രുതൻ ജോലിയിൽ പ്രവേശിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡിലാണ് നിയമനം നൽകിയത്. വൈക്കം ദേവസ്വം ബോർഡ് ഓഫീസിൽ തേർഡ് ഗ്രേഡ് ഓവർസിയറായി നവനീത് ചുമതലയേറ്റെടുത്തു. ജോലിയിൽ പ്രവേശിക്കുന്നത് കാണാൻ മന്ത്രി വി. എൻ. വാസവനും എത്തി. എഞ്ചിനീയറിംഗ് ബിരുദധാരിയാണ് നവനീത്. അമ്മയും കുടുംബത്തിനും വേണ്ടി പ്രാർഥിച്ച എല്ലാവർക്കും നവനീത് നന്ദി പറഞ്ഞു. സർക്കാർ വാക്ക് പാലിച്ചെന്നായിരുന്നു മന്ത്രി വി. എൻ. വാസവൻറെ പ്രതികരണം.

ബിന്ദുവിൻറെ കുടുംബത്തിന് വീട് നിർമിച്ച് നൽകിയതിനൊപ്പം ജോലി കൂടി നൽകി കുടുംബത്തിൻറെ സുരക്ഷിതത്വം സർക്കാർ ഉറപ്പാക്കുമെന്ന് മന്ത്രി നേരത്തെ പറഞ്ഞിരുന്നു.

ജൂലൈ മൂന്നിന് രാവിലെ 11 ഓടെയാണ് കോട്ടയം മെഡിക്കൽ കോളജിലെ 14-ാം വാർഡിൻറെ ശുചിമുറിയുടെ ഭാഗം തകർന്നുവീണ് തലയോലപ്പറമ്പ് സ്വദേശി ബിന്ദു മരിച്ചത്. തകർന്നുവീണ കെട്ടിടത്തിൻറെ അവശിഷ്ടങ്ങൾക്കിടയിൽ നിന്ന് രണ്ടര മണിക്കൂറിന് ശേഷമാണ് ബിന്ദുവിനെ പുറത്തെടുക്കാനായത്.

# സംസ്ഥാനത്ത് ഒരാൾ കൂടി അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് മരിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് ഒരാൾ കൂടി അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് മരിച്ചു. കൊല്ലം സ്വദേശി പുരുഷനാണ് മരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്നു. ഇതോടെ ഈ മാസം അമിബിക് മസ്തിഷ്കജ്വരം ബാധിച്ച് മരിച്ചവരുടെ എണ്ണം നാലായി. സംസ്ഥാനത്ത് ഇന്നും ഇന്നലെയുമായി രണ്ടു പേർക്ക് കൂടി അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചു. കാസർകോട് കാഞ്ഞങ്ങാട് ആറ് വയസുകാരിക്കാണ് ഇന്ന് രോഗബാധ സ്ഥിരീകരിച്ചത്. കുട്ടിയെ വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് മാറ്റി. കുട്ടിയുടെ ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

# തെങ്ങിൽ നിന്ന് വീണ് റിട്ട. സ്കൂൾ അധ്യാപകൻ മരിച്ചു

പാലക്കാട്: തെങ്ങിൽ നിന്ന് വീണ് റിട്ട. സ്കൂൾ അധ്യാപകൻ മരിച്ചു. പാലക്കാട് കല്ലടി ഹയർസെക്കൻഡറി സ്കൂളിലെ മുൻ അധ്യാപകൻ കുമരംപുത്തൂർ ശ്രേയസ് വീട്ടിൽ എം. ആർ. ഭാസ്കരൻ നായരാണ് മരിച്ചത്. ഇന്ന് രാവിലെയാണ് ഇദ്ദേഹം തേങ്ങയിടാനായി തെങ്ങിൽ കയറിയത്. ഒരു തെങ്ങിൽ നിന്ന് ഇറങ്ങി മറ്റൊന്നിലേക്ക് കയറുന്നതിനിടെ തലകറങ്ങി നീഴെ വീണുവെന്നാണ് വിവരം. ഈ സമയത്ത് ഓടിയെത്തിയ നാട്ടുകാർ ചേർന്ന് ഇദ്ദേഹത്തെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

# ഹീലിക്ക് സെഞ്ചുറി: ഇന്ത്യയെ കീഴടക്കി; ഓസീസിന് ജയം

വിശാഖപട്ടണം: വനിതാ ഏകദിന ലോകകപ്പിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് മൂന്നു വിക്കറ്റ് ജയം. ഇന്ത്യയുയർത്തിയ 331 റൺസ് വിജയലക്ഷ്യം ഏഴു വിക്കറ്റ് നഷ്ടത്തിൽ ആറു പന്തുകൾ ബാക്കിനിൽക്കെ ഓസീസ് മറികടന്നു.

സ്കോർ: ഇന്ത്യ 330/10 (48.5) ഓസ്ട്രേലിയ 331/7 (49). 107 പന്തിൽ 142 റൺസ് നേടിയ ക്യാപ്റ്റൻ അലീസ ഹീലിയാണ് ഓസീസിൻറെ വിജയശിൽപ്പി. എല്ലിസ് പെറി ( 47*), അഷ്ലി ഗാർഡ്നർ ( 45), ഫോബ് ലിച്ച്ഫീൽഡ് ( 40) എന്നിവരുടെ ഇന്നിംഗ്സുകളും നിർണായകമായി.

മറുപടി ബാറ്റിംഗിൽ മികച്ച തുടക്കമാണ് ഓസീസിന് ലഭിച്ചത്. ഒന്നാം വിക്കറ്റിൽ ഹീലി - ലിച്ച്ഫീൽഡ് സഖ്യം 85 റൺസ് ചേർത്തു. 15 ഓവറിൽ 100 ഉം 31 ഓവറിൽ 200 ഉം കടന്ന ഓസ്ട്രേലിയയെ വിറപ്പിക്കാൻ ഒരു ഘട്ടത്തിലും ഇന്ത്യയ്ക്കു സാധിച്ചില്ല. ബെത് മൂണി (നാല്), അനബൈൽ സതർലൻഡ് (പൂജ്യം) എന്നിവരെ പുറത്താക്കി ഇന്ത്യൻ ബൗളർമാർ കളിയിലേക്കു തിരിച്ചുവരാൻ ശ്രമിച്ചെങ്കിലും 52 പന്തിൽ 47 റൺസടിച്ചു പുറത്താകാതെനിന്ന എലിസ് പെറി കിം ഗാർത്തിനെയും കൂട്ടുപിടിച്ച് 49 ഓവറിൽ ഓസ്ട്രേലിയയ്ക്കായി വിജയറൺസ് കുറിച്ചു. ഇന്ത്യയ്ക്കായി ശ്രീചരണി മൂന്നും അമൻജ്യോത് കൗറും ദീപ്തി ശർമയും രണ്ടു വിക്കറ്റുകൾ വീതവും വീഴ്ത്തി. നേരത്തെ ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനെത്തിയ ഇന്ത്യയ്ക്കായി സ്മൃതി മന്ദാന (80), പ്രതിക റാവൽ (75) എന്നിവർ അർധസെഞ്ചുറ നേടി. ഓസ്ട്രേലിയക്ക് വേണ്ടി അന്നാബെൽ സതർലാൻറ് അഞ്ചും സോഫി മൊളിനെക്സിന് മൂന്ന് വിക്കറ്റ് വീഴ്ത്തി. ലോകകപ്പിൽ ഇന്ത്യയുടെ തുടർച്ചയായ രണ്ടാം തോൽവിയാണിത്. കഴിഞ്ഞ കളിയിൽ ദക്ഷിണാഫ്രിക്കയോട് ഇന്ത്യ തോറ്റിരുന്നു. നാലു കളികളിൽ മൂന്നും വിജയിച്ച ഓസ്ട്രേലിയ ഏഴു പോയിൻറുമായി പട്ടികയിൽ ഒന്നാമതാണ്. രണ്ടു വീതം വിജയവും തോൽവിയുമുള്ള ഇന്ത്യയാകട്ടെ നാലു പോയിൻറുമായി നാലാം സ്ഥാനത്താണ്.

# തീപിടിത്തത്തിനിടെ മോഷണം; പർദയിട്ട സ്ത്രീയെ പോലീസ് തെരയുന്നു

കണ്ണൂർ: തളിപ്പറന്പിൽ കഴിഞ്ഞ ദിവസമുണ്ടായ തീപിടിത്തത്തിനിടെ ഹൈപ്പർ മാർക്കറ്റിൽ നിന്ന് സാധനങ്ങൾ മോഷ്ടിച്ചതായി പരാതി. തീപിടിച്ച കെട്ടിടത്തിന് സമീപത്തുള്ള നിബ്രാസ് ഹൈപ്പർമാർക്കറ്റിലായിരുന്നു മോഷണം. പർദ ധരിച്ച ഒരു സ്ത്രീ സാധനങ്ങൾ സഞ്ചിയിൽ എടുത്ത് വയ്ക്കുന്ന ദൃശ്യങ്ങൾ ഷോപ്പിലെ സിസിടിവിയിൽ നിന്നും ലഭിച്ചു. പതിനായിരം രൂപയുടെ സാധനങ്ങൾ മോഷണം പോയതായി ഹൈപ്പർമാർക്ക് ഉടമ നിസാർ നൽകിയ പരാതിയിൽ പറയുന്നു. ആളുകൾ തീയണയ്ക്കാൻ ശ്രമിക്കുന്നതിനിടെയായിരുന്നു മോഷണം. മോഷണത്തിനു ശേഷം സ്ത്രീ ജനക്കൂട്ടത്തിനിടയിലൂടെ നടന്നുപോകുന്നതും ദൃശ്യങ്ങളിലുണ്ട്. ഇതേസമയം തന്നെ കടയിൽ മറ്റൊരു സ്ത്രീയും മോഷണം നടത്തി.എന്നാൽ ഇവരെ പിടികൂടി. വ്യാഴാഴ്ച വൈകുന്നേരം അഞ്ചിനായിരുന്നു തളിപ്പറമ്പ് ബസ് സ്റ്റാൻഡ് പരിസരത്തെ കെ. വി. കോംപ്ലക്സിൽ വൻ തീപിടിത്തമുണ്ടായത്.അതിർത്തിയിൽ 200ലധികം താലിബാൻ സൈനികരെ വധിച്ചെന്ന് പാക്കിസ്ഥാൻ

# പോക്സോ കേസിൽ മദ്രസ അധ്യാപകൻ പോലീസ് പിടിയിൽ

ബാലുശേരി: പ്രായപൂർത്തിയാവാത്ത കുട്ടിക്കെതിരെ ലൈംഗികാതിക്രമം കാണിച്ച കേസിൽ മദ്രസ അധ്യാപകൻ പിടിയിൽ. കണ്ണൂർ സ്വദേശി ഫൈസലാണ് പിടിയിലായത്. ബാലുശേരി സ്റ്റേഷനിൽ ലഭിച്ച പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തു നടത്തിയ അന്വേഷണത്തിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്. പ്രതി തൻറെ ഇരുചക്ര വാഹനത്തിൽ എത്തിയാണ് കുട്ടിയെ ലൈംഗികമായി ചൂഷണം ചെയ്തിരുന്നത്. ഇരുന്നൂറിലേറെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചും സൈബർ സെൽ സഹായത്തോടെയുമാണ് പ്രതിയെ കണ്ടെത്തിയത്.

ബാലുശേരി പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ടി. പി. ദിനേശിൻറെ നിർദേശപ്രകാരം സബ് ഇൻസ്പെക്ടർ ഗ്രീഷ്മയുടെ നേതൃത്വത്തിൽ കുറ്റ്യാടി പത്തിരിപ്പറ്റയിൽ നിന്നാണു പ്രതിയെ കസ്റ്റഡിയിലെടുത്തത്.

# മൂന്നാർ ഡബിൾ ഡക്കർ ബസിൻെറ വരുമാനം ഒരു കോടിയിലേക്ക്

മൂന്നാർ: മൂന്നാറിൽ വിനോദ സഞ്ചാരികൾക്കായി സർവീസ് നടത്തുന്ന കെഎസ്ആർടിസിയുടെ ഡബിൾ ഡക്കർ ബസിൻറെ വരുമാനം ഒരു കോടിയിലേക്ക് അടുക്കുന്നു. 84.5 ലക്ഷം രൂപയുടെ വരുമാനമാണ് ഈ മാസം മൂന്ന് വരെ ഡബിൾ ഡക്കർ ബസ് സ്വരുക്കൂട്ടിയത്.

രണ്ടാഴ്ചയ്ക്കുള്ളിൽ വരുമാനം ഒരു കോടിയിലെത്തുമെന്നാണ് കരുതുന്നതെന്ന് ഡിപ്പോ അധികൃതർ പറഞ്ഞു. 27,842 പേർ നിലവിൽ ബസിൽ യാത്ര ചെയ്തു കഴിഞ്ഞു. കഴിഞ്ഞ ഫെബ്രുവരി എട്ടിനാണ് വിനോദസഞ്ചാരികൾക്കായി മൂന്നാർ ഡിപ്പോയിൽ നിന്നു ഡബിൾ ഡക്കർ ബസ് സർവീസ് ആരംഭിച്ചത്.

മൂന്നാറിൽനിന്നു കൊച്ചി - ധനുഷ്കോടി ദേശീയപാതയിലൂടെ ആനയിറങ്കൽ ഡാമിനു സമീപം വരെയാണ് ട്രിപ്. യാത്രയിൽ അഞ്ചിടങ്ങളിൽ ബസ് നിർത്തി സഞ്ചാരികൾക്ക് പ്രകൃതി സൗന്ദര്യം ആസ്വദിക്കുന്നതിന് അവസരമുണ്ട്. ബസിൻറെ മുകൾനിലയിൽ 38 പേർക്കും താഴെ 12 പേർക്കും യാത്ര ചെയ്യാം. മുകളിൽ 400, താഴെ 200 രൂപ വീതമാണ് ടിക്കറ്റ് നിരക്ക്. രാവിലെ ഒൻപത്, ഉച്ചയ്ക്ക് 12.30, ഉച്ചകഴിഞ്ഞ് നാല് എന്നിങ്ങനെ മൂന്ന് ട്രിപ്പുകളാണ് ദിവസേനയുള്ളത്.

# അട്ടക്കുളങ്ങര ജയിൽ മാറ്റി സ്ഥാപിക്കും, ആലപ്പുഴയിൽ പുതിയ സബ് ജയിൽ

സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ, ഓവർ ക്രൗഡിംഗ് കുറയ്ക്കുന്നതിനായി കേരള സർക്കാർ രണ്ട് സുപ്രധാന ഉത്തരവുകൾ പുറത്തിറക്കി. 2025 ഒക്ടോബർ 10-ന് ആഭ്യന്തര വകുപ്പ് പുറത്തിറക്കിയ ഉത്തരവനുസരിച്ച്, അട്ടക്കുളങ്ങര വനിതാ ജയിൽ തിരുവനന്തപുരം സെൻട്രൽ പ്രിസൺ കോംപ്ലക്സിലേക്ക് മാറ്റി സ്ഥാപിക്കുകയും, അട്ടക്കുളങ്ങര കെട്ടിടം ഒരു താൽക്കാലിക സ്പെഷ്യൽ സബ് ജയിലാക്കി മാറ്റുകയും ചെയ്യും. കൂടാതെ, ആലപ്പുഴ ജില്ലയിൽ പുതിയ ഒരു സബ് ജയിൽ ആരംഭിക്കാനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പൂജപ്പുര സെൻട്രൽ ജയിലിലെ പഴയ വനിതാ ബ്ലോക്കിലേക്ക് അട്ടക്കുളങ്ങര വനിതാ ജയിൽ മാറ്റുമ്പോൾ, നിലവിലെ അട്ടക്കുളങ്ങര കെട്ടിടം 300 പുരുഷ തടവുകാരെ പാർപ്പിക്കാൻ കഴിയുന്ന താൽക്കാലിക സ്പെഷ്യൽ സബ് ജയിലായി മാറും പുതിയ സബ് ജയിലിന്റെ പ്രവർത്തനത്തിനായി മൂന്ന് വർഷത്തേക്ക് 35 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഒരു ഡെപ്യൂട്ടി സൂപ്രണ്ട്, 2 അസിസ്റ്റന്റ് സൂപ്രണ്ടുമാർ, 8 ഡെപ്യൂട്ടി പ്രിസൺ ഓഫീസർമാർ, 24 അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർ എന്നീ തസ്തികളാണ് സൃഷ്ടിച്ചത്. ആലപ്പുഴയിൽ മുൻപ് ജില്ലാ ജയിൽ പ്രവർത്തിച്ചിരുന്ന സ്ഥലത്ത് പുതിയ സബ് ജയിൽ ആരംഭിക്കുന്നതിനും 2 അസിസ്റ്റന്റ് സൂപ്രണ്ടുമാർ, 5 ഡെപ്യൂട്ടി പ്രിസൺ ഓഫീസർമാർ, 15 അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർ, 2 അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ എന്നീ 24 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. പുതിയ ജയിൽ നിർമ്മിക്കുന്നതിന്റെ അധികച്ചെലവ് ഒഴിവാക്കാനും ജില്ലയിലെ തടവുകാരുടെ എണ്ണം കുറയ്ക്കാനും ഈ നടപടി സഹായകമാകും. ജയിലുകളിലെ തിരക്ക് പരിഹരിക്കുന്നത് സംബന്ധിച്ച് 2025 ഫെബ്രുവരി 4-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലെ തീരുമാനത്തെ തുടർന്നാണ് സർക്കാർ ഈ നടപടികൾ കൈക്കൊണ്ടത്.

# പ്രോജക്ട് കോർഡിനേറ്റർ നിയമനം

നാഷണൽ ആയുഷ് മിഷൻ കേരള, വയനാട്/കണ്ണൂർ ജില്ലകളിലെ പ്രോജക്ട് കോ-ഓർഡിനേറ്റർ (സ്വസ്ഥവൃത്തം) തസ്തികയിലെ ഒഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. പുതുക്കിയ വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി: ഒക്ടോബർ 20. വിശദവിവരങ്ങൾക്ക്: www.nam.kerala.gov.in, t^m¬: 0471 2474550.